**Sahyanadham**
Annual Subscription Rs. 200.00
Date of Publication: 01/03/2018

Reg. No. KL/IDK/08/16-18
RNI Reg. No KERMAL/2004/12498
Posted at Thodupuzha Stg.




Printed at St. Martha's Offset Printers, Murickassery-685 604
Editor, Printer & Publisher. Rev. Fr. James Bishop's House, Idukki - 685 602

# സഹ്യനാദം

വാല്യം 15
മാർച്ച് 2018
ലക്കം 3



## ഇടുക്കി രൂപതാ ബുള്ളറ്റിൻ

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 15
Issue No. : 3
Month : March 2018



*Patron*

**Mar Mathew Anikuzhikattil**
Bishop of Idukki

*Chief Editor*

**Rev. Dr. Joseph Kochukunnel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Blueline Cheruthony

*Website & e-mail*
www.idukkidiocese.org
curiaidukkidiocese@gmail.com

## ഈ ലക്കത്തിൽ

സർക്കുലർ 05
സർക്കുലർ 12
നോമ്പുകാലം : പാപപരിഹാരത്തിനും
ജീവിത നവീകരണത്തിനും 14
രൂപതക്കച്ചേരി 19
മൈനർ സെമിനാരി 32
ക്രിസ്തുജ്യോതി 33
വിദ്യാഭ്യാസം 35
സാമൂഹ്യസേവനം 37
കെ.സി.എസ്.എൽ. 46
ജീസസ് യൂത്ത് 47
കെ.സി.വൈ.എം. 48
കുടുംബപ്രേഷിതത്വം 50
പ്രോ-ലൈഫ് അപ്പോസ്തലേറ്റ് 50
നവോമി കുടുംബകേന്ദ്രം 51
മാതൃവേദി 51
കത്തോലിക്കാ കോൺഗ്രസ് 53
ആത്മജ്യോതിയിലെ പരിപാടികൾ 54
അറിയിപ്പുകൾ 55
രൂപതാദ്ധ്യക്ഷന്റെ ഡയറി 56
രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ 57

***"Only those able to acknowledge their mistakes and ask pardon receive understanding and forgiveness from others."***

*Pope Francis, Tweet, 17-02-2018*

## ഓർമ്മിക്കാൻ

**മാർച്ച് മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ**

| | | |
|---|---|---|
| 02-04 | : | കെ.സി.വൈ.എം. Ignite - 2018 നെടുംകണ്ടം |
| 10 | : | വചനോത്സവം, വെള്ളയാംകുടി സെന്റ് ജോർജ് പാരീഷ് ഹാൾ |
| 11 | : | മതാദ്ധ്യാപകരുടെ ക്വിസ് മത്സരം |
| 12-14 | : | വിവാഹ ഒരുക്ക ധ്യാനം, ആത്മജ്യോതി, അടിമാലി |
| 13 | : | അദ്ധ്യാപക അനാദ്ധ്യാപക സംഗമം, വെള്ളയാംകുടി |
| 16-18 | : | എലീശ്വാ ധ്യാനം, ആത്മജ്യോതി, അടിമാലി |
| | : | നവോമി ധ്യാനം, ആത്മജ്യോതി, അടിമാലി |
| 17 | : | ജറുസലെമിലെ വി. സിറിൽ (18 ഞായർ) |
| | : | കെ.സി.വൈ.എം. സംസ്ഥാന കർമ്മപദ്ധതി പ്രകാശനം, ചുരുളി |
| 19 | : | വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ |
| 23-25 | : | വിവാഹ ഒരുക്ക ധ്യാനം, ആത്മജ്യോതി, അടിമാലി |
| 24 | : | അവാർഡ് വിതരണവും യാത്രയയപ്പ് സമ്മേളനവും, രാജമുടി ക്രിസ്തുരാജ് പാരീഷ്ഹാൾ |
| 25 | : | മംഗലവാർത്താത്തിരുനാൾ |
| | : | ഓശാന ഞായർ |
| 29 | : | പെസഹാ വ്യാഴം |
| 30 | : | പീഡാനുഭവവെള്ളി |
| 31 | : | വലിയ ശനി, ഉയിർപ്പുകാലം ആരംഭിക്കുന്നു |

C. 7.

# സർക്കുലർ

**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്ത മാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജന ത്തിനും എഴുതുന്നത്.**

ഈശോയിൽ ഏററവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

നമ്മുടെ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തിയതിന്റെ രജതജൂബിലി ആഘോഷിക്കുന്ന ദിവസങ്ങളിലാണ് സഭാസിനഡിന്റെ XXVI -ാം സമ്മേളനം നടത്തപ്പെട്ടത്.

ആദ്യമായി സഭാസിനഡിൽ പങ്കെടുക്കുന്ന തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി, കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ എന്നിവരേയും പുതുതായ രൂപം കൊണ്ട ഹൊസൂർ രൂപതാദ്ധ്യഷൻ മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിലിനേയും സിനഡ് അനുമോദിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്തു. നമ്മുടെ സഭയ്ക്ക് പുതിയ രണ്ട് ഇടയൻമാരെകൂടി ലഭിച്ച വിവരം ഈ സിനഡിനിടയ്ക്ക് പ്രഖ്യാപിക്കുകയുണ്ടായി. ഇടുക്കി രൂപതാദ്ധ്യഷനായി ഫാദർ ജോൺ നെല്ലിക്കുന്നേലും, സാഗർ രൂപതാദ്ധ്യഷനായി ഫാദർ ജെയിംസ് അത്തിക്കളം MST യും നിയമിതരായി. ഈ പുതിയ പിതാക്കൻമാർക്കുവേണ്ടി ഏവരും പ്രാർത്ഥിക്കുമല്ലോ.

തമിഴ്നാട്ടിൽ പുതിയതായി രൂപംകൊണ്ട ഹൊസൂർ രൂപതാസ്ഥാപനത്തിനു വേണ്ടി വർഷങ്ങളോളം പരിശ്രമിച്ച ഇരിങ്ങാലക്കുട രൂപതാ അധികാരികൾക്കും മുൻ മേലദ്ധ്യഷൻ മാർ ജെയിംസ് പഴയാറ്റിൽ പിതാവിനും സിനഡ് കൃതജ്ഞതയർപ്പിച്ചു.

വിശാലമായ അതിർത്തികളോടെ രൂപീകൃതമായ പുതിയ ഷംഷാബാദ് രൂപത അദ്ധ്യഷൻ മാർ റാഫേൽ തട്ടിൽ പിതാവിന്



സിനഡ് ആശംസകൾ അർപ്പിച്ചു. ഷംഷാബാദ് രൂപതാസ്ഥാപനത്തോടെ ഭാരതം മുഴുവനും പ്രേഷിത പ്രവർത്തനം നടത്തുവാനും അജപാലനശുശ്രൂഷയിൽ ഏർപ്പെടുവാനും ഉള്ള അവകാശാധികാരങ്ങൾ സീറോമലബാർ സഭയ്ക്ക് കൈവന്നിരിക്കുകയാണ് എന്ന് സിനഡ് വിലയിരുത്തി. ഈ അവകാശാധികാരങ്ങളോടുകൂടെയുള്ള പുതിയ സംവിധാനത്തിന് വഴിയൊരുക്കിയ ആദ്യത്തെ അപ്പസ്തോലിക്ക് വിസിററായ അഭിവന്ദ്യ കർദ്ദിനാൾ ആന്റണി പടിയറ, മാർ ഗ്രിഗറി കരോട്ടേമ്പ്രയിൽ, മാർ ഗ്രേഷ്യൻ മുണ്ടാടൻ എന്നിവരെ സിനഡ് നന്ദിപൂർവ്വം അനുസ്മരിച്ചു. പുതിയ രൂപതയുടെ പ്രവർത്തനങ്ങൾക്ക് മാതൃസഭയിൽനിന്നും സഭയിലെ സമർപ്പിതസമൂഹങ്ങളിൽനിന്നും ആത്മാർഥമായ സഹായസഹകരണങ്ങൾ ഉണ്ടാകേണ്ടതാണെന്ന് ഉത്ബോധിപ്പിക്കുന്നു. ഇന്ത്യയിൽ ആഗോളതലത്തിൽ അവകാശാധികാരങ്ങൾ വ്യാപിപ്പിച്ചു കിട്ടിയത് സുവിശേഷവത്കരണത്തിനുള്ള അവസരമായിട്ടും മററു വ്യക്തി സഭകളുമായി സമാധാനപരമായ സഹവർത്തിത്വത്തിനും ഉള്ള അവസരമായി കാണേണ്ടതുണ്ട്. സീറോ മലബാർ സഭയ്ക്ക് ഇന്ത്യയിൽ മുഴുവൻ അജപാലനാധികാരം ലഭിച്ചത് രജതജൂബിലി വർഷത്തിലാണ് എന്നത് ശ്രദ്ധേയമാണ്.

പൗരോഹിത്യത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന മാർ ജേക്കബ് മുരിയ്ക്കൻ, മാർ ടോണി നീലങ്കാവിൽ എന്നിവർക്ക് സിനഡ് ജൂബിലി ആശംസകൾ നേർന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നു.

ഭാരതത്തിൽ കത്തോലിക്കാസഭ അടുത്ത കാലത്ത് നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ, പ്രത്യേകിച്ചും സത്ന, സാഗർ, ജഗദൽപൂർ എന്നീ രൂപതകളിലെ ക്രൈസ്തവർക്ക് നേരെയുണ്ടായ ആക്രമണങ്ങളിൽ സിനഡ് ആശങ്ക രേഖപ്പെടുത്തി.

മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയുടെ രജതജൂബിലി ആഘോഷങ്ങളെപ്പററി സിനഡ് വിശകലനം ചെയ്തു. ജൂബിലി ആഘോഷത്തിന്റെ ഭാഗമായി നമ്മുടെ എല്ലാപിതാക്കൻമാരും ഒന്നുചേർന്ന് ജനുവരി 13-ാം തീയതി കൃതജ്ഞതാബലി അർപ്പിക്കകയുണ്ടായി. ഉച്ചകഴിഞ്ഞ് 2.30-ന് നടന്ന പൊതു സമ്മേളനം കൽദായ കത്തോലിക്കാ സഭയുടെ പാത്രിയർക്കീസ് ലൂയീസ് റാഫേൽ

സാക്കോ ഉത്ഘാടനം ചെയ്തു. ഇന്ത്യയിലെ വത്തിക്കാൻ സ്ഥാന പതി ആർച്ച് ബിഷപ്പ് ഡോ. ജാംബത്തിസ്ത ദിക്വാത്രോ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ എന്നെ കൂടാതെ സി.ബി.സി.ഐ. പ്രസിഡന്റും സീറോ മലങ്കര സഭ മേജർ ആർച്ചു ബിഷപ്പുമായ കർദിനാൾ മാർ ബസേലിയോസ് ക്ലിമിസ് കാതോലിക്കബാവ, പൗരസ്ത്യ സഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ സെക്രട്ടറി ആർച്ച് ബിഷപ്പ് ഡോ. സിറിൽ വാസിൽ, വരാപ്പുഴ മുൻ ആർച്ച് ബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ, ഗ്രീക്ക് കത്തോലിക്കാസഭയുടെ അദ്ധ്യക്ഷ പദവിയിൽനിന്നും വിരമിച്ച ബിഷപ്പ് ഡിമിത്രിയോസ് സലാക്കസ്, സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് കുര്യൻ ജോസഫ്, സി.എം.സി. മദർ ജനറൽ സി. സിബി, കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് ബിജു പറയന്നിലം, മാതൃവേദി സെക്രട്ടറി ജിജി ജേക്കബ്, എസ്.എം.വൈ.എം. പ്രസിഡന്റ് അരുൺ ഡേവിസ് എന്നിവരും തദവസരത്തിൽ ആശംസകൾ നേരുകയുണ്ടായി. സിനഡിൽ സംബന്ധിച്ചിരുന്ന സീറോ മലബാർ സഭയിലെ എല്ലാപിതാക്കന്മാർക്കും പുറമെ സീറോ മലബാർ സഭയുടെ എല്ലാ രൂപതകളിൽ നിന്നുമുള്ള വൈദികരുടേയും സമർപ്പിതരുടേയും അത്മായസഹോദരങ്ങളുടേയും പ്രത്യേകമായി യുവജനങ്ങളുടേയും പ്രതിനിധികളും പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു.

കാർഷിക മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ പ്രശ്നങ്ങൾ സിനഡ് ഗൗരവമായി ചർച്ച ചെയ്യുകയും അവരുടെ ജീവനും സ്വത്തിനും കൃഷിയ്ക്കും സുരക്ഷിതത്വം ഉറപ്പു വരുത്തേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്തു. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് കർഷകകുടുംബങ്ങളേയും കൃഷിയിടങ്ങളേയും സംരക്ഷിക്കേണ്ടത് അത്യാവശ്യമാണെന്ന് സിനഡ് പിതാക്കൻമാർ അഭിപ്രായപ്പെട്ടു. വന്യമൃഗങ്ങൾക്കെതിരെ കിടങ്ങ്, ഉയർന്ന മതിൽ, സോളാർ, ഇലക്ട്രിക്കൽ വേലികൾ തുടങ്ങിയവ നിർമ്മിക്കാൻ സർക്കാരിന്റെ ഭാഗത്തു നിന്നും കാര്യമായ സഹായങ്ങൾ ഉണ്ടാകണമെന്ന് സിനഡ് ആവശ്യപ്പെട്ടു. മനുഷ്യ സംരക്ഷണത്തേക്കാൾ മൃഗസംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന സമീപനരീതി തികച്ചും അപലപനീയമാണ്. ദൂരവ്യാപക ഫലങ്ങൾ ഉളവാക്കുന്നതും



നിലനിൽക്കുന്നതും (Sustainable) ആയ പദ്ധതികൾ ആവിഷ്കരിക്കുവാൻ സർക്കാരും രാഷ്ട്രീയ പാർട്ടികളും സന്നദ്ധസംഘടനകളും മുന്നിട്ട് ഇറങ്ങേണ്ടതുണ്ട്. INFARM, AKCC തുടങ്ങിയ സംഘടനകൾ ഈ കാര്യത്തിൽ ശ്രദ്ധിക്കേണ്ടതും പൊതുജനാഭിപ്രായരൂപീകരണത്തിന് പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്. മലയോര മേഖലയിൽ കഴിയുന്നവരുടെ പ്രശ്നങ്ങൾക്കും, കാർഷിക വിളകളുടെ വിലയിടിവിനും, പ്രകൃതിക്ഷോഭം, തുടങ്ങിയ പ്രശ്നങ്ങൾക്കും ഒരു സാമ്പത്തിക സുരക്ഷാ പദ്ധതി വിഭാവനം ചെയ്യേണ്ടത് അത്യാവശ്യമാണ്. ഇത്യാദി പ്രശ്നങ്ങൾ കൊണ്ട് മലയോര മേഖലയിൽ കഴിയുന്നവർ കുടിയിറങ്ങുന്ന പ്രവണത സിനഡ് ആശങ്കാപൂർവ്വമാണ് നോക്കി കാണുന്നത്. ഇത് ഒരു പുതിയ രീതിയിലുള്ള കുടിയേററത്തിന് രൂപം കൊടുക്കുന്നു.

നമ്മുടെ സഭയിൽ ദൈവവിളി പ്രോത്സാഹനത്തിനുവേണ്ടി ഒരു കമ്മീഷന് രൂപം കൊടുത്തിട്ടുള്ള കാര്യം നിങ്ങൾക്കറിയാമല്ലോ. മാതൃസഭയിൽ ദൈവവിളികൾ, പ്രത്യേകിച്ചും സ്ത്രീകൾക്കായുള്ള സമർപ്പിതസമൂഹങ്ങളിലേക്കുള്ള ദൈവവിളികൾ, ആശങ്കാജനകമാംവിധം കുറഞ്ഞു വരുന്നതിനെപ്പറ്റി സിനഡ് വിലയിരുത്തി. ഈ കമ്മീഷനുമായി സഹകരിച്ച് സഭാതലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും ദൈവവിളി പ്രോത്സാഹിപ്പിക്കുവാൻ ബന്ധപ്പെട്ട എല്ലാവരും പരിശ്രമിക്കുമല്ലോ. ബഹുമാനപ്പെട്ട വികാരിമാർക്കും ഇടവകയിലെ സമർപ്പിതസമൂഹങ്ങൾക്കും ദൈവവിളി പ്രോത്സാഹനത്തിൽ വലിയ പങ്കുവഹിക്കുവാനുണ്ട്. മിഷൻ ലീഗ് തുടങ്ങിയ സംഘടനകൾ കുട്ടികളിലും യുവജനങ്ങളിലും പ്രേഷിതാഭിമുഖ്യവും ദൈവവിളികളും പ്രോത്സാഹിപ്പിക്കുവാൻ മുന്നിട്ടിറങ്ങണം. വൈദികപരിശീലന കാലഘട്ടത്തിൽ തന്നെ പ്രേഷിതാഭിമുഖ്യം (Mission awareness) നൽകുവാൻ പരിശ്രമിക്കേണ്ടതാണ്. റീജൻസി കാലത്തും വൈദികപട്ടത്തിനു ശേഷമുള്ള ആദ്യത്തെ ചില വർഷങ്ങളിലും നമ്മുടെ മിഷൻ പ്രദേശങ്ങളിൽ ശുശ്രൂഷ ചെയ്യുവാനുള്ള അവസരം ഒരുക്കേണ്ടതാണെന്ന് സിനഡ് അഭിപ്രായപ്പെട്ടു. അൽമായരേയും സന്നദ്ധ സംഘടനാംഗങ്ങളേയും വോളന്റിയർമാരായി മിഷൻ രൂപതകളിൽ പോയി ശുശ്രൂഷ ചെയ്യുവാൻ പ്രോത്സാഹി

പ്പിക്കാവുന്നതാണ്. അതുപോലെതന്നെ മിഷൻ രൂപതകളിൽ നിന്നും കേരളത്തിൽ മാതൃസഭയിലെ ഇടവകകളിലും സ്ഥാപനങ്ങളിലും വന്ന് മിഷനെപ്പററി പ്രസംഗിക്കുന്ന രീതി (Mission Appeal) പ്രോത്സാഹിപ്പിക്കേണ്ടതാണ്. ദൈവവിളി പ്രോത്സാഹനത്തിനായി മിഷനിൽ നിന്നും കേരളത്തിൽ വരുന്ന Vocation Promoters ന് എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തു കൊടുക്കണമെന്ന് സിനഡ് ആഹ്വാനം ചെയ്തു. മിഷൻ രൂപതകളിലേക്ക് പൊതുവായി സെമിനാരിക്കാരെ എടുത്ത് മേജർ ആർച്ച് ബിഷപ്പിന്റെ നേതൃത്വത്തിൽ പരിശീലിപ്പിക്കണമെന്ന് സിനഡിൽ നിർദ്ദേശമുണ്ടായി.

മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ നിർദ്ദേശങ്ങളെ ചർച്ചയ്ക്കു ശേഷം തീരുമാനങ്ങളായി സിനഡ് അംഗീകരിച്ചു. അവ താഴെപ്പറയുന്നവയാണ്.

1. വിവിധ ഇടവകകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പരിപാടികളിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുക്കുന്ന സാഹചര്യങ്ങളിൽ സ്വീകരണം പള്ളിയുടെ പ്രവേശനകവാടത്തിൽ വെച്ച് നടത്തുക. ഇടവകയുടെ അതിർത്തികളിലോ, ഗേററിനടുത്തോ ഉള്ള സ്വീകരണം ഒഴിവാക്കുക. റോഡരികിലുള്ള ഫ്ളക്സ്, ആർച്ച് എന്നിവ ഒഴിവാക്കുക.

2. എല്ലാ ആഘോഷങ്ങളും ലളിതമായിരിക്കണം. ഏതു തരത്തിലുള്ള പബ്ലിസിററിയും ജനങ്ങളെ അറിയിക്കുക എന്ന ഉദ്ദേശത്തോടെയും വളരെ ലളിതമായിട്ടുള്ളതുമായിരിക്കണം.

3. രൂപതയുടെയോ, ഇടവകയുടേയോ മററു സമർപ്പിത സമൂഹങ്ങളുടേയോ സ്കൂളുകളിൽ നിർബന്ധിതമായിട്ടുള്ള സംഭാവന ചോദിക്കുവാൻ പാടില്ല.

4. രൂപതയുടെയോ, ഇടവകയുടേയോ, സമർപ്പിത സമൂഹങ്ങളുടേയോ നേതൃത്വത്തിൽ നടത്തപ്പെടുന്ന സ്കൂളുകളിൽ നിർധനരായ കുട്ടികൾക്കും കത്തോലിക്കർക്കും ഫീസ് ഇളവ് അനുവദിക്കണം.

5. കത്തോലിക്ക എയ്ഡഡ് സ്കൂളുകളും, പ്രദേശിക സ്കൂളുകളും വളർത്തണം.



6. സാമ്പത്തിക സുസ്ഥിതിയുള്ള മാതൃസഭയിലെ ഇടവകകൾ ഒരു മിഷൻ കേന്ദ്രത്തെ ദത്തെടുക്കണം.

7. ഇടവകയിലെ മുതിർന്ന പൗരൻമാരുടെ കഴിവുകളെ പ്രയോജനപ്പെടുത്തണം.

8. കുടുംബത്തിലെ ആഘോഷങ്ങളുടെ ഒരു തുക പാവപ്പെട്ടവർക്കു വേണ്ടി നീക്കിവയ്ക്കണം.

9. ഇടവകയിലുള്ള പിരിവുകൾ കുടുംബവരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം നിശ്ചയിക്കേണ്ടത്. നിർബന്ധിതമായിട്ടുള്ള ഫീസുകളും, സംഭാവനകളും പാടില്ല.

10. വിദ്യാഭ്യാസത്തിനോ, ജോലി ആവശ്യങ്ങൾക്കോ വേണ്ടി ഇടവകയിൽനിന്നും മാറുന്നവരുടെ വിവരങ്ങൾ അവർ അംഗമായിരിക്കുന്ന രൂപതയിലെ ഇടവകകളിൽ സൂക്ഷിക്കണം. കൂടാതെ അവർ ആയിരിക്കുന്ന സ്ഥലത്തെ സീറോ മലബാർ ഇടവകയുമായി ബന്ധപ്പെടുവാനുള്ള സഹായങ്ങളും ചെയ്തുകൊടുക്കണം. കൂദാശകൾ സ്വീകരിക്കുന്നതിനോ പരികർമ്മം ചെയ്യുന്നതിനോ ഉള്ള യാതൊരുവിധ സംഭാവനകളും പ്രാദേശിക ഇടവക ചോദിക്കുവാൻ പാടുള്ളതല്ല.

എറണാകുളം അങ്കമാലി അതിരൂപതയിൽ നടന്ന ഭൂമി വിൽപന സംബന്ധിച്ച് സഭയിലും സമൂഹത്തിലും ഉണ്ടായ പരാമർശങ്ങളെ സിനഡ് വിലയിരുത്തി. മേജർ ആർച്ചുബിഷപ്പിനും സഹായമെത്രാന്മാർക്കും സഹായകമായ നിർദ്ദേശങ്ങൾ നൽകി.

വൈദിക പരിശീലനം പൂത്തിയാക്കുന്നവർ ഡീക്കൻ പട്ടത്തിന് മുൻപ് എടുക്കേണ്ട പ്രതിജ്ഞയ്ക്ക് സിനഡ് അന്തിമ രൂപം നൽകി. സിനഡ് അംഗീകരിച്ച വൈദിക ശുശ്രൂഷയുടെ സുരക്ഷാ പശ്ചാത്തലങ്ങളെ സംബന്ധിക്കുന്ന Safe Environmental Programe for Church Personnel വൈദികരുടെ ധാർമ്മീക ഉത്തരവാദിത്വത്തെപ്പററി അവരെ കൂടുതൽ ബോധവാൻമാരാക്കും എന്ന് സിനഡ് പ്രതീക്ഷിക്കുന്നു.

AKCC-യുടെ ജൂബിലി വർഷമായ ഇക്കൊല്ലം ഈ സംഘടനയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാനും സംഘടനയെ എല്ലാത്തലങ്ങളിലും ശക്തിപ്പെടുത്തണമെന്നും നിർദ്ദേശമുണ്ടായി.

ഭാരതത്തിനു പുറത്തുള്ള സീറോ മലബാർ വിശ്വാസികളുടെ അജപാലനകാര്യങ്ങൾ സിനഡ് ഗൗരവമായി ചർച്ചചെയ്യുകയും ഇതിനായി ബന്ധപ്പെട്ടവരുമായി നടത്തിക്കൊണ്ടിരിക്കുന്ന ചർച്ച തുടരുവാനും തീരുമാനിച്ചു. ഖത്തറിലെ ദോഹയിലെ സീറോ മലബാർ ഇടവക ഒരു സ്വതന്ത്ര ഇടവകയാക്കണമെന്ന (Personal Parish) ആവശ്യം സിനഡ് പരിഗണിച്ചു. സാർവ്വത്രിക സഭയിൽ അടുത്തുവരുന്ന മെത്രാൻ സിനഡ് "യുവജനങ്ങൾ-വിശ്വാസവും ജീവിത പാത കണ്ടെത്തലും" എന്നതിനെപ്പററിയാണല്ലോ. ഈ സിനഡിൽ സംബന്ധിക്കുവാൻ നമ്മുടെ സഭയിലെ പ്രതിനിധികളെ തിരഞ്ഞെടുക്കുകയും സിനഡിനുള്ള ഒരുക്കങ്ങൾ ഊർജിതപ്പെടുത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

കാൽഡിയൻ പേട്രിയാർക്ക് ലൂയിസ് സാക്കോ, അപ്പസ്തോലിക് നൂൺഷ്യോ ജാംബത്തിസ്താ ദിക്വാത്രോ, ഓറിയന്റൽ കോൺഗ്രിഗേഷൻ സെക്രട്ടറി ആർച്ച് ബിഷപ്പ് സിറിൽ വാസിൽ, അണ്ടർ സെക്രട്ടറി ഫാ. ലൊറൻസോ ലോറൂസ്സോ O.P., ഫ്രാൻസിലെ സന്നദ്ധ സഹായ സംഘടനയായ l'Oeuvre d'Orient-ന്റെ ഡിറക്ടർ ജനറൽ മോൺസിഞ്ഞോർ - പാസ്കൽ ഗോൾണിഷ്, Chargé d'Affaires ഡൊമിനിക് ബേ്ളററി തുടങ്ങിയവർ സിനഡിൽ വിശിഷ്ടാതിഥികളായി സംബന്ധിച്ചത് സന്തോഷപൂർവ്വം സ്മരിക്കുന്നു.

അടുത്തുവരുന്ന CBCI പ്ലീനറിയുടെ വിഷയം, United in Diversity for a Mission of Mercy and Witness, സിനഡ് ചർച്ച ചെയ്യുകയും അതിനൊരുക്കമായിട്ടുള്ള പ്രാരംഭനടപടികൾ സ്വീകരിക്കുകയും ചെയ്തു. അടുത്തുവരുന്ന നോമ്പുകാലം നിങ്ങൾക്കേവർക്കും അനുഗ്രഹപ്രദമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

+കർദിനാൾ ജോർജ് ആലഞ്ചേരി
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

❋❋❋



C. 8.

# സർക്കുലർ

മിശിഹായിൽ പ്രിയമുള്ള ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

ആരാധനക്രമവത്സരമനുസരിച്ച് ദനഹാകാലം കഴിഞ്ഞ് നോമ്പുകാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. വിദ്യാഭ്യാസം നടത്തുന്ന കുട്ടികളും യുവാക്കളും അവധിക്കാലത്തിലേക്ക് പ്രവേശിക്കുന്ന സമയവുമാണ്. ഈ സന്ദർഭത്തിൽ നമ്മുടെ സഭയുടെ ഒരു പ്രത്യേക ആവശ്യത്തെക്കുറിച്ച് നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നു. അത് മറ്റൊന്നുമല്ല, മിഷൻ രൂപതകളിലേക്കുള്ള വൈദികരുടേയും സമർപ്പിതരുടേയും ദൈവവിളിയെക്കുറിച്ചുതന്നെ.

"വിളവധികം വേലക്കാരോ ചുരുക്കം" (മത്താ. 9:37) എന്ന ദിവ്യനാഥന്റെ വാക്കുകൾ നമ്മുടെ സഭയെ സംബന്ധിച്ചും ഇപ്പോൾ കൂടുതൽ അന്വർത്ഥമാണ്. നമ്മുടെ പല മിഷൻ രൂപതകൾക്കും പ്രേഷിതപ്രവർത്തനത്തിന് നേതൃത്വം കൊടുക്കാൻ വേണ്ടത്ര വൈദികരെ ലഭിക്കുന്നില്ല. ഭാരതം മുഴുവനിലും നമുക്ക് അജപാലനപരവും പ്രേഷിതപ്രവർത്തനപരവുമായ സ്വാതന്ത്ര്യം നൽകിക്കൊണ്ട് പരിശുദ്ധ പിതാവ് ഷംഷാബാദ്, ഹൊസൂർ രൂപതകൾ സ്ഥാപിക്കുകയും തക്കല, രാമനാഥപുരം രൂപതകളുടെ അതിർത്തികൾ വിസ്തൃതമാക്കുകയും ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ കൂടുതൽ വൈദികരുടേയും സമർപ്പിതരുടേയും ആവശ്യം വർദ്ധിച്ചിരിക്കുകയാണ്.

കേരളത്തിൽ നിന്നുള്ള വൈദികരെ മിഷൻ പ്രദേശങ്ങളിലേക്ക് കൊണ്ടുപോകാൻ പരിശ്രമിക്കുമ്പോൾ പല ബുദ്ധിമുട്ടുകളും നേരിടുന്നു. കേരളത്തിലെ വൈദികർക്ക് മിഷൻ പ്രവർത്തനത്തിനാവശ്യമായ പരിശീലനമില്ലാത്തതിനാൽ ആ മേഖലയിലേക്ക് പോകാൻ പലരും വിസമ്മതിക്കുന്നു. കേരളത്തിലെ അജപാലനശൈലി അപ്പാടെ മിഷൻ രൂപതകളിൽ നടപ്പിലാക്കുക സാധ്യമല്ല. അതാത് പ്രദേശങ്ങളിലെ ഭാഷ പഠിക്കേണ്ട ആവശ്യം വെല്ലുവിളികൾ വർദ്ധിപ്പിക്കുന്നു. അതിനാൽ, സഭയുടെ നേതൃത്വത്തിൽതന്നെ അർത്ഥികളെ സ്വീക

രിച്ച് മിഷൻ പരിശീലനം നൽകി വൈദികരായി അഭിഷേകം ചെയ്യാനുള്ള സംരംഭത്തിന് ഇക്കഴിഞ്ഞ ജനുവരി മാസം നടന്ന സഭയുടെ സിനഡ് തീരുമാനമെടുത്തു.

അതിൻപ്രകാരം, ഈ വർഷം തന്നെ സെമിനാരി വിദ്യാർത്ഥികളെ സ്വീകരിച്ച് പരിശീലനം തുടങ്ങാൻ പരിശ്രമിക്കുകയാണ്. നമ്മുടെ രൂപതകളിൽ നിന്ന് മിഷനറി വൈദികരാകാൻ ആഗ്രഹിക്കുന്ന 10-ാം ക്ലാസ്സോ ഉപരി വിദ്യാഭ്യാസ യോഗ്യതകളോ ഉള്ള കുട്ടികളും യുവാക്കളും മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായിലെ വൊക്കേഷൻ കമ്മീഷനിൽ അപേക്ഷിക്കേണ്ടതാണ്. കമ്മീഷൻ സെക്രട്ടറിയോടോ മേജർ ആർച്ച് ബിഷപ്പിനോടോ നേരിട്ട് ബന്ധപ്പെടാവുന്നതുമാണ്. കമ്മീഷൻ സെക്രട്ടറിയുടെ അഡ്രസ്സും ഫോൺ നമ്പറും ഈമെയിലും താഴെ കൊടുക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും സമർപ്പിതരും കുട്ടികളെ വേണ്ടത്ര പ്രോത്സാഹിപ്പിച്ച് നമ്മുടെ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ സദുദ്യമത്തിന് സഹകരിക്കുന്ന എല്ലാവരെയും വിളവിന്റെ നാഥൻ സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

ഈശോയിൽ സസ്നേഹം

+ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

Fr. Sebastian Muttamthottil, MCBS
Secretary, Commission for Vocation
Syro-Malabar Major Archiepiscopal Curia
Mount St Thomas, Kakkanad, P.B. No. 3110,
Kochi-682 030 - India.
Mob. +91 9495772184
E-mail: smcvocationcommission@gmail.com



C. 9. **സർക്കുലർ**

# നോമ്പുകാലം : പാപപരിഹാരത്തിനും ജീവിത നവീകരണത്തിനും

മിശിഹായിൽ പ്രിയ മക്കളേ,

നമ്മുടെ വിശ്വാസജീവിതത്തിലെ ഏറ്റവും സുപ്രധാന ഘട്ടമായ നോമ്പുകാലത്തിലൂടെയാണല്ലോ നാം കടന്നുപോകുന്നത്. ആത്മവിശുദ്ധീകരണത്തിനും ജീവിത നവീകരണത്തിനും സഹായകരമായ രീതിയിൽ പരിത്യാഗ കർമ്മങ്ങൾ അനുഷ്ഠിച്ച് ഉയിർപ്പ് തിരുനാളിന് ഒരുങ്ങുന്ന നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. നോമ്പ് ആചരണം കൂടുതൽ അനുഗ്രഹദായകമാകുവാൻ സഹായിക്കുന്ന ഏതാനും കാര്യങ്ങൾ നിങ്ങളെ അനുസ്മരിപ്പിക്കുന്നു.

കേവലം ഭക്താനുഷ്ഠാനങ്ങൾക്കും ആചാരങ്ങൾക്കും ഉപരിയായി നന്മ നിറഞ്ഞ ജീവിതം രൂപപ്പെടുത്തുവാൻ വി. ഗ്രന്ഥം നിരന്തരം നമ്മെ ആഹ്വാനം ചെയ്യുന്നു. പ്രലോഭനങ്ങൾക്കും ജീവിത സമ്മർദ്ദങ്ങൾക്കും നടുവിൽ ഇത് അവഗണിക്കുന്നതിനോ മറന്നുപോകുന്നതിനോ കാരണമായിട്ടുണ്ടാകാം. അതിന്റെ ഫലമായി ക്രൈസ്തവ ജീവിതത്തിൽ വളരെ എതിർ സാക്ഷ്യങ്ങളും സംഭവിച്ചിട്ടുണ്ടാകാം. ഇത് വ്യക്തമായി തിരിച്ചറിയുന്നതിന് നമുക്ക് കഴിയണം. നിരാശയോ കുറ്റബോധമോ നമ്മെ കീഴടക്കാതെ യഥാർത്ഥ പശ്ചാത്താപത്തോടെ ദൈവസന്നിധിയിലേക്ക് മടങ്ങി വരണം.

നോമ്പ്, ഉപവാസം ഇവയുടെ ചൈതന്യം, ഇവയിലൂടെ സംഭവിക്കേണ്ട മാറ്റങ്ങൾ എന്നിവ എന്തായിരിക്കണമെന്നും,

അതിന്റെ ഫലമായി ഉണ്ടാകുന്ന അനുഗ്രഹങ്ങൾ എന്തൊക്കെയാണെന്നും ഏശയ്യാ പ്രവാചകൻ ഭംഗിയായി നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. ''ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി അഹാരം പങ്കുവയ്ക്കുകയും ഭവനരഹിതരെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്? അപ്പോൾ, നിന്റെ വെളിച്ചം പ്രഭാതംപോലെ പൊട്ടിവിരിയും. നീ വേഗം സുഖം പ്രാപിക്കും. നിന്റെ നീതി നിന്റെ മുൻപിലും കർത്താവിന്റെ മഹത്വം നിന്റെ പിൻപിലും നിന്നെ സംരക്ഷിക്കും. നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരമരുളും. നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ എന്ന് അവിടുന്ന് മറുപടി തരും. മർദ്ദനവും കുറ്റാരോപണവും ദുർഭാഷണവും നിന്നിൽ നിന്ന് ദൂരെ അകറ്റുക. വിശക്കുന്നവർക്ക് ഉദാരമായി ഭക്ഷണം കൊടുക്കുകയും പീഢിതർക്കു സംതൃപ്തി നല്കുകയും ചെയ്താൽ നിന്റെ പ്രകാശം അന്ധകാരത്തിൽ ഉദിക്കും. നിന്റെ ഇരുണ്ട വേളകൾ മധ്യാഹ്നം പോലെയാകും. കർത്താവു നിന്നെ നിരന്തരം നയിക്കും. മരുഭൂമിയിലും നിനക്ക് സമൃദ്ധി നല്കും. നിന്റെ അസ്ഥികളെ ബലപ്പെടുത്തും. നനച്ചു വളർത്തിയ പൂന്തോട്ടവും വറ്റാത്ത നീരുറവയും പോലെയാകും നീ. നിന്റെ പുരാതന നഷ്ടശിഷ്ട ങ്ങൾപുനരുദ്ധരിക്കപ്പെടും. അനേകം തലമുറകളുടെ അടിസ്ഥാനം നീ പണിതുയർത്തും. പൊളിഞ്ഞ മതിലുകൾ പുനരുദ്ധരിക്കുന്നവ നെന്നും ഭവനങ്ങൾക്കു കേടു പോക്കുന്നവനെന്നും നീ വിളിക്കപ്പെടും'' (ഏശയ്യാ 58:6-12). ഈ നോമ്പുകാലം നമ്മുടെ രൂപതയിലെ എല്ലാ കുടുംബങ്ങളിലും വ്യക്തികളിലും ഇപ്രകാരമൊരു നന്മയുടെ വളർച്ച സംഭവിക്കുവാൻ ഇടയാകണം.

നമ്മുടെ സാമൂഹ്യക്ഷേമവിഭാഗമായ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയോട് ചേർന്ന് ഇക്കഴിഞ്ഞ വർഷം



നാം ചെയ്ത ജീവകാരുണ്യപ്രവൃത്തികളെല്ലാം അഭിമാനത്തോടെ ഞാൻ അനുസ്മരിക്കുന്നു. കഴിഞ്ഞ വലിയ നോമ്പുകാലത്ത് ഇടവകകളിൽനിന്നും 297900/- രൂപയും സന്യാസ ഭവനങ്ങളിൽ നിന്നും 97500/- രൂപയുംലഭിച്ചു. കൂടാതെ ക്യാൻസർ രോഗികളെ സഹായിക്കുന്നതിനായി 53000/- രൂപ വിവിധ വ്യക്തികളിൽനിന്നും സംഭാവനയായി ലഭിച്ചു. ഇതിൽനിന്നും 95000/- രൂപ ചികിത്സാ സഹായമായും 98000/- രൂപ മറ്റ് സഹായങ്ങളായും നൽകി. 50 അന്ധർക്ക് വൈറ്റ് കെയിൻ (ഊന്നുവടി) വാങ്ങി നല്കുന്നതിന് 10000/- രൂപയും ചിലവഴിച്ചു. ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസത്തിനായി 75000 രൂപയും സൊസൈറ്റിയുടെ കീഴിൽ ഭിന്നശേഷിയുള്ളവരുടെ ശാക്തീകരണത്തിനും മറ്റ് സേവനപ്രവർത്തനങ്ങൾക്കുമായി നിയോഗിക്കപ്പെട്ട ആനിമേറ്റർമാർക്കായി 50000/- രൂപയും ചിലവഴിച്ചു. കാരിത്താസ് ഇൻഡ്യയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി നമ്മുടെ രൂപതയുടെ വിഹിതമായി 25000/- രൂപയും കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന് 10000/- രൂപയും നൽകിയിരുന്നു.

ഓഖി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി നാം ഉദാരമായി സംഭാവനകൾ നൽകിയത് നന്ദിയോടെ സ്മരിക്കുന്നു. ആകെ 2939470/- രൂപ സമാഹരിച്ചിരുന്നു. അതിൽ 2924470/- രൂപ സഭാകേന്ദ്രത്തിൽ ഏല്പിച്ചു. നമ്മുടെ രൂപതയിൽ ആരംഭിച്ച 'ഗുഡ് സമരിറ്റൻ പെയിൻ ആന്റ് പാലിയേറ്റീവ് ഇടുക്കി' എന്ന ജീവകാരുണ്യ സംരംഭത്തിലൂടെ 36 ഇടവകകളിലായി 580 വോളണ്ടിയർമാർക്ക് പരിശീലനങ്ങൾ നലകുകയും അവരുടെ മേൽനോട്ടത്തിൽ വീടുകളിൽ കിടപ്പിലായ രോഗികളും വൃദ്ധരുമായ 1290 പേർക്ക് സാന്ത്വന പരിചരണം നല്കുകയും ചെയ്യുന്നു.

ചെറുപുഷ്പ മിഷൻ ലീഗും ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയും സംയുക്തമായി നടപ്പിലാക്കിയ ''ഈശോയ്ക്ക് ഒരു വീട്'' പദ്ധതിയുടെ ഭാഗമായി ടിൻ കളക്ഷൻ വഴി 2470000/- രൂപ സമാഹരിച്ചു. ഈ തുകയും കെ.സി.ബി.സി. എസ്.സി./എസ്.ടി.

കമ്മീഷൻ വഴി ലഭിച്ച തുകയും ചേർത്ത് നമ്മുടെ രൂപതയിലെ ഭവന രഹിതരായ 20 ദളിത് കത്തോലിക്കാ കുടുംബങ്ങൾക്ക്വീട് പണിയുന്ന പ്രവർത്തനം നടന്നുവരികയാണ്. ഇതിനകം 7 വീടുകൾ വെഞ്ചരിച്ചു. കൂടാതെ 7 വീടുകൾ റിപ്പയർ ചെയ്യുന്നതിനും സഹായിച്ചു.

നമ്മുടെ രൂപതയിൽ ആരംഭിച്ച മറ്റൊരു മഹത്തായ ജീവകാരുണ്യ സംരംഭമാണ് അഞ്ജനം നേത്രദാന പദ്ധതി. പരിശീലനം പൂർത്തിയാക്കിയ ഒരാളെ മുരിക്കാശ്ശേരി അൽഫോൻസാ ആശുപതിയിൽ നിയോഗിച്ച് അയാൾവഴി മരിക്കുന്നവരുടെ കണ്ണുകൾ സ്വീകരിച്ച് അങ്കമാലി ലിറ്റിൽ ഫ്ളവർആശുപത്രിവഴി അന്ധരായവർക്ക് നല്കുന്ന പദ്ധതിയാണിത്. വളരെ എളുപ്പത്തിൽ ചെയ്യാവുന്ന ഈ വലിയ ജീവകാരുണ്യ പ്രവൃത്തിയിൽ എല്ലാവരും പങ്കുചേരണം. 7 മാസം കൊണ്ട് 44 പേരുടെ കണ്ണുകൾ ദാനം ചെയ്തുകഴിഞ്ഞു. മരിച്ച് 4 മണിക്കൂറിനുള്ളിൽ അറിയിച്ചാൽ വീട്ടിൽ വന്ന് കണ്ണുകൾ സ്വീകരിക്കുന്നതാണ്. മരണശേഷം നശിച്ചു പോകുന്ന കണ്ണുകൾ മറ്റൊരാൾക്ക് വെളിച്ചം നല്കുന്നതിന് ഇടയാകട്ടെ.

നിർദ്ധന കുടുംബങ്ങളെ ഉദ്ധരിക്കുന്നതിനുവേണ്ടിയുള്ള സേവ് എ ഫാമിലി പദ്ധതി വഴിയായി 161 കുടുംബങ്ങളെ സഹായിക്കുന്നു. ഈ വർഷം 794070/- രൂപ ഈ കുടുംബങ്ങൾക്ക് ലഭിച്ചിരുന്നു. പശു വളർത്തൽ, ആടു വളർത്തൽ, കൃഷി തുടങ്ങിയ വിവിധ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 948000/- രൂപ വിവിധ കുടുംബങ്ങൾ ചിലവഴിച്ചു. ഈശോയുടെ വീടിന് ഒരു സഹായം എന്ന പേരിൽ നാം ആരംഭിച്ച ദത്തുകുടുംബ പദ്ധതിയിൽ നമ്മുടെ രൂപതയിലെ ഉദാരമതികളായ 66 പേർ 68 നിർദ്ധന കുടുംബങ്ങളെ പ്രതിമാസം 1250/- രൂപ വീതം നൽകി സഹായിച്ചു വരുന്നു.

എച്ച്.ഐ.വി. ബാധിതർ, ശാരീരിക മാനസിക ന്യൂനതയുള്ളവർ എന്നിവർക്കായി സംഘം രൂപീകരണം, വരുമാന വർദ്ധന



പദ്ധതികൾ തുടങ്ങിയ കാര്യങ്ങൾക്ക് സഹായം നൽകി വരുന്നു. ഭിന്നശേഷിയുള്ള 83 കുട്ടികൾക്കായി 450000/- രൂപ ലില്ലിയാനെ ഫൗണ്ടേഷന്റെ സഹായത്തോടെ സ്ക്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ക്യാൻസർ രോഗത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും, നിർദ്ധനരോഗികൾക്ക് സഹായവും തുടരുന്നു. എഞ്ചിനിയറിംഗ് പഠിക്കുന്ന ഒരു ആദിവാസി വിദ്യാർത്ഥിക്ക് സ്കോളർഷിപ് നല്കുന്നുണ്ട്.

ഇത്തരം പ്രവർത്തനങ്ങളെല്ലാം ചെയ്യുവാൻ കഴിയുന്നത് നിങ്ങളുടെ നിർലോഭമായ സംഭാവനകളും സഹകരണങ്ങളും വഴിയാണ്. അതിന് പ്രത്യേകം നന്ദി പറയുന്നതോടൊപ്പം ഈ വർഷവും ഇത് തുടരുന്നതിന് നിങ്ങൾ സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ദൈവവചന പാരായണവും, പ്രാർത്ഥനയും നോമ്പുകാലത്ത് കൂടുതൽ ശക്തിപ്പെടുത്തണം. അപ്പോൾ മേൽ പ്രസ്താവിച്ച നന്മകൾ ചെയ്യുവാൻ നാം കൂടുതൽ പ്രാപ്തരാകും. നോമ്പുകാലത്ത് ഓശാന ഞായറാഴ്ച ദൈവാലയത്തിൽ എടുക്കുന്ന സ്തോത്ര കാഴ്ചയാണ് ഇത്തരം പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നത്. ഈ ഓശാന ഞായറാഴ്ചയും നിങ്ങൾ ഉദാരമായി സംഭവനകൾ നൽകണം. അത് നമ്മുടെ വിശുദ്ധീകരണത്തിനും ദുരിതമനുഭവിക്കുന്നവരുടെ ശാക്തീകരണത്തിനും സഹായകരമാകട്ടെയെന്ന പ്രാർത്ഥനയോടെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

എന്ന്

മാർ മാത്യു ആനിക്കുഴിക്കാട്ടിൽ
ഇടുക്കി മെത്രാൻ

(ഈ സർക്കുലർ മാർച്ച് 25 ഓശാന ഞായറാഴ്ച പള്ളിയിൽ വായിച്ച് സ്തോത്രക്കാഴ്ചയെടുത്ത് ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയിൽനിന്നും കൈവശം നൽകണം.)



# രൂപതക്കച്ചേരി

**C. 16/18 മെത്രാഭിഷേകവും യാത്രയയപ്പും**

ഏപിൽ 5-ാം തീയതി നടക്കുന്ന മെത്രാഭിഷേകത്തിനും തുടർന്നു നടക്കുന്ന യാത്രയയപ്പു സമ്മേളനത്തിനും രൂപതയൊന്നാകെ ഒരുങ്ങിക്കൊണ്ടിരിക്കുകയാണല്ലോ. ഇതിനായുള്ള എല്ലാ ക്രമീകരണങ്ങളേയും സർവശക്തൻ അനുഗ്രഹിക്കുവാൻ ദൈവാലയങ്ങളിലും സന്യാസാശ്രമങ്ങളിലും ഫെബ്രു. 1 ന് ആരംഭിച്ച പ്രാർത്ഥന നമുക്കു തുടരാം. 20 കമ്മറ്റികളാണ് ഇതിന്റെ ഒരുക്കങ്ങൾക്കായി പ്രവർത്തനസജ്ജമായിരിക്കുന്നത്. എല്ലാ കമ്മറ്റികളും തങ്ങളെ ഏല്പിച്ചിരിക്കുന്ന ദൗത്യങ്ങൾ ഭംഗിയായും കാര്യക്ഷമമായും നിർവഹിച്ചുകൊണ്ടാണിരിക്കുന്നത്.

മെത്രാഭിഷേകം നടക്കുന്ന വാഴത്തോപ്പ് കത്തീഡ്രൽ ദേവാലയ പരിസരത്ത് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും രൂപതയ്ക്കു പുറമേനിന്നു വരുന്ന ആളുകളുടെ ചെറുവാഹനങ്ങൾ അവിടെ പാർക്കുചെയ്യാൻ സൗകര്യം കൊടുക്കേണ്ടതുള്ളതിനാൽ ഇടവകകളിൽനിന്നും ബസ്സുകളിൽ വരുന്നതായിരിക്കും കൂടുതൽ അഭികാമ്യം. ഇതിനെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ഈ മാസം അവസാനം കത്തുകൾവഴി വികാരിയച്ചന്മാരെ അറിയിക്കുന്നതാണ്. ഇടവകയിൽനിന്നും വരുന്നവർ പരിപാടികളിൽ ആദ്യന്തം പങ്കെടുക്കണമെന്നുള്ള കാര്യവും ഓർമ്മിപ്പിക്കുന്നു.

ഇടവകകളിൽനിന്നും ഇടുക്കി രൂപതയ്ക്കുപുറത്തു ശുശ്രൂഷ ചെയ്യുന്ന മിഷനറിമാർക്കും, സമർപ്പിതർക്കും ക്ഷണക്കത്ത് അയയ്ക്കുവാനായി അവരുടെ അഡ്രസ്സ് ഇവിടെ തരികയോ അല്ലെങ്കിൽ ആവശ്യത്തിനുള്ള ക്ഷണക്കത്ത് ഇവിടെനിന്നു കൊണ്ടുപോയി നേരിട്ട് അയയ്ക്കുകയോ ചെയ്യാവുന്നതാണ്. എല്ലാം ദൈവഹിതാനുസാരം നടക്കുന്നതിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കുകയും ആത്മാർത്ഥമായി സഹകരിക്കുകയും ചെയ്യണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

*Proto-syncellus*

**C. 17/18 ആണ്ട് തിരട്ട്**

മാർച്ച് 31 ന് സാമ്പത്തികവർഷം അവസാനിക്കുന്നു. ഈ വർഷത്തെ കണക്കുകൾ 2018 മാർച്ച് മാസത്തിൽ പൂർത്തിയാക്കി മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ വച്ച് ഏപ്രിൽ 30-ാം തീയതിയും മെയ് 7-ാം തീയതിയുമായി നടക്കുന്ന ഓഡിറ്റിങ്ങിൽ ഏതെങ്കിലും ദിവസം കൊണ്ടുവന്ന് പരിശോധിച്ച് രൂപതാ കച്ചേരിയിൽ ഏൽപ്പിക്കേണ്ടതാണ്. ഓഡിറ്റിങ്ങിനു വരുന്ന ജീവനക്കാരുടെ സൗകര്യത്തിനായി കംപ്യൂട്ടറുകൾ ആവശ്യമായതിനാലാണ് പാവനാത്മാ കോളേജിൽ ഓഡിറ്റിങ്ങ് ക്രമീകരിച്ചിരിക്കുന്നത്. അതോടൊപ്പം രൂപതകച്ചേരിയിൽ സമർപ്പിക്കേണ്ട തുക മാർച്ച് മാസത്തിൽ തന്നെ ചെക്കുകൾ വഴിയോ, ബാങ്ക് ട്രാൻസ്ഫർ വഴിയോ നല്കാവുന്നതാണ്. ചെക്കുകൾ എഴുതുമ്പോൾ താഴെ പറയുന്ന അക്കൗണ്ടുകളിലേക്ക് എഴുതുക.

1. തിരട്ടു ഫീസ്, സ്പെഷ്യൽ കളക്ഷൻസ്, ഡിറക്ടറി ഫീ മുതലായവയ്ക്ക്

The Procurator, Bishop's House, Karimpan
AC NO 13300100051712, IFSC FDRL0001330,
Federal Bank, Karimpan

2. 13-ാം മാസ അലവൻസ് (10000 രൂപ), ക്ലെർജി റിലീഫ് ഫണ്ട് (തിരട്ടിന്റെ പത്തുശതമാനം) എന്നിവയ്ക്ക്

Vaidika Kshema Samadhi, Bishop's House, Karimpan
AC NO 13300100075166, IFSC FDRL0001330,
Federal Bank, Karimpan

അതോടൊപ്പം രൂപതാ കച്ചേരിയിൽ സൂക്ഷിക്കുന്നതിനായി മാമ്മോദീസാ, വിവാഹം, മരണം എന്നീ രജിസ്റ്ററുകളുടെ പകർപ്പുകൾ നിശ്ചിതഫോറത്തിൽ രേഖപ്പെടുത്തി കച്ചേരിയിൽ ഏൽപ്പിക്കുമല്ലോ.

വൈദീക ക്ഷേമ സമിതിയിലേക്കുള്ള 13-ാം മാസ ശമ്പളം 10000 രൂപയും, ഡിറക്ടറി സഹ്യനാദം എന്നിവയുടെ വരിസംഖ്യ 300 രൂപയും ആണെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

*Bishop*

## C. 18/18 Peter's Pence & Peter's Work Collections

2015 ജനുവരി മാസത്തിലെ സീറോമലബാർ സിനഡിന്റെ തീരുമാനമനുസരിച്ച് നമ്മുടെ എല്ലാ ഇടവകകളിൽനിന്നും ജൂൺ മാസം അവസാനത്തെ ഞായറാഴ്ച "പത്രോസിന്റെ കാശ്" (Peter's Pence) പിരിവു നടത്തി കിട്ടുന്ന തുക രൂപതാ കേന്ദ്രത്തിൽനിന്നും ഇന്ത്യയിലെ അപ്പസ്തോലിക് ന്യുൺഷ്യേച്ചറിലേയ്ക്ക് അയച്ചുകൊടുക്കണം. കൂടാതെ നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസങ്ങളിൽ "മിഷൻ സണ്ടേ", "തിരുബാലസഖ്യം", "പത്രോസിന്റെ ജോലി" (Peter's Work) എന്നീ പിരിവകളെടുത്ത് രൂപതാ കേന്ദ്രത്തിൽനിന്നും ഇന്ത്യയിലെ പൊന്തിഫിക്കൽ മിഷൻ സൊസൈറ്റിയുടെ ഓഫീസിലേയ്ക്കും നൽകേണ്ടതാണ്. നമ്മുടെ ഇടവകകളിൽ ഈ പിരിവുകൾ യഥാസമയം നടത്തി രൂപതാകേന്ദ്രത്തിലെത്തിക്കുന്ന കാര്യം ബ. വികാരിയച്ചൻമാർ ഓർമ്മിക്കുമല്ലോ.

*Bishop*

## C. 19/18 Monthly Recollection for Priests

മാർച്ച് മാസത്തെ പഠനവിഷയം: ഇടുക്കി രൂപതാ നിയമാവലി 189 മുതൽ 217 വരെ നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto-syncellus*



## C. 20/18 തിരുനാൾ ആശംസകൾ

| | |
|---|---|
| റവ. ഫാ. ജോസ് ചെമ്മരപ്പള്ളിൽ | മാർച്ച് 19 |
| റവ. ഫാ. ജോസ് ചിറ്റടിയിൽ | ” |
| റവ. ഫാ. ജോസഫ് കൈപ്പൻപ്ലാക്കൽ | ” |
| റവ. ഫാ. ജോസ് കരിവേലിക്കൽ | ” |
| റവ. ഫാ. ജോസഫ് കാവുങ്കൽ | ” |
| റവ. ഫാ. ജോസഫ് കട്ടക്കയം | ” |
| റവ. ഫാ. ജോസഫ് കൊച്ചുകുന്നേൽ | ” |
| റവ. ഫാ. ജോസ് കൊച്ചുപുരയ്ക്കൽ | ” |
| റവ. ഫാ. ജോസഫ് കൊല്ലക്കൊമ്പിൽ | ” |
| റവ. ഫാ. ജോസഫ് കുമരകത്തുകാലായിൽ | ” |
| റവ. ഫാ. ജോസ് കുന്നുംപുറം | ” |
| റവ. ഫാ. ജോസ് മാറാട്ടിൽ | ” |
| റവ. ഫാ. ജോസ് നരിതൂക്കിൽ | ” |
| റവ. ഫാ. ജോസഫ് പാലത്തിങ്കൽ | ” |
| റവ. ഫാ. ജോസഫ് പാപ്പാടി | ” |
| റവ. ഫാ. ജോസഫ് പാറയ്ക്കൽ | ” |
| റവ. ഫാ. ജോസഫ് പാറക്കടവിൽ (Sr) | ” |
| റവ. ഫാ. ജോസഫ് പാറക്കടവിൽ (Jr) | ” |
| റവ. ഫാ. ജോസഫ് പൈമ്പള്ളിൽ | ” |
| റവ. ഫാ. ജോസ് പ്ലാച്ചിക്കൽ | ” |
| റവ. ഫാ. ജോസഫ് പൂവത്തിങ്കൽ | ” |
| റവ. ഫാ. ജോസഫ് പുൽപ്പറമ്പിൽ | ” |
| റവ. ഫാ. ജോസഫ് തച്ചുകുന്നേൽ | ” |
| റവ. ഫാ. ജോസഫ് തേനമ്മാക്കൽ | ” |
| റവ. ഫാ. ജോസഫ് വാഴയിൽ | ” |
| റവ. ഫാ. ജോസഫ് വെളിഞ്ഞാലിൽ | ” |

റവ. ഫാ. ജോസഫ് മാവേലിക്കുന്നേൽ ,,
റവ. ഫാ. ജോസഫ് പൗവ്വത്ത് ,,
റവ. ഫാ. ജോസഫ് വടകര ,,
റവ. ഫാ. ജോസഫ് മേനംമൂട്ടിൽ ,,
റവ. ഫാ. ജോസഫ് പൊരിമറ്റത്തിൽ ,,
റവ. ഫാ. ജോസഫ് കാരിക്കൂട്ടത്തിൽ ,,
റവ. ഫാ. ജോസഫ് കോയിക്കൽ ,,
റവ. ഫാ. ജോസഫ് നടുപ്പടവിൽ ,,
റവ. ഫാ. ജോസഫ് തൊട്ടിയിൽ ,,
റവ. ഫാ. ജോസഫ് പാലക്കുടിയിൽ ,,
റവ. ഫാ. ജോസഫ് തെങ്ങുംതോട്ടത്തിൽ ,,
റവ. ഫാ. ജോസഫ് ചുനയംമാക്കൽ ,,
റവ. ഫാ. ജോസഫ് തോമസ് കുഴിയംപ്ലാവിൽ ,,
റവ. ഫാ. ജോസഫ് അഴിമുഖത്ത് ,,
റവ. ഫാ. ജോസഫ് പുതിയാപറമ്പിൽ ,,
റവ. ഫാ. ജോസഫ് അക്കുറ്റ് ,,
റവ. ഫാ. ജോസഫ് വെട്ടിക്കൽ ,,
റവ. ഫാ. ജോസഫ് മാതാളിക്കുന്നേൽ ,,
റവ. ഫാ. ജോസഫ് വെട്ടുകല്ലേൽ ,,
റവ. ഫാ. ജോസഫ് കൊച്ചോഴത്തിൽ ,,
റവ. ഫാ. ജോസഫ് കൊള്ളിക്കുളവിൽ ,,
റവ. ഫാ. ജോസഫ് തളിപ്പറമ്പിൽ CMI ,,
റവ. ഫാ. ജോസഫ് കുറ്റിക്കാട്ട് ,,
റവ. ഫാ. ജോസഫ് ആയിലുക്കുന്നേൽ ,,
റവ. ഫാ. ജോസഫ് വട്ടപ്പാറയിൽ ,,
റവ. ഫാ. ജോസഫ് വരകിൽ ,,
റവ. ഫാ. ജോസഫ് ഐക്കരപ്പറമ്പിൽ ,,

*Bishop*



**C. 21/18**

## Curia Collections received for the year 2016 -2017

| | | | |
|---|---|---|---|
| D. Fund | - Diocesan Fund | JS | - Justice Sunday |
| M. Semi. Fund | - Major Seminary Fund | G.F. | - Good Friday |
| H.C. | - Holy Childhood | MEC | - Major Episcopal Curia Fund |
| B.S. | - Bible Sunday | SMMS | - Syro-Malabar Mission Sunday |
| P.P. | - Peter's Pence | YD | - Youth Day |
| M.S. | - Mission Sunday | TM | - Temperance Movement |
| V.F. | - Vocation Fund | JF | - Jesus Fraternity |
| CMF | - Communication Media Fund | | |

| Sl. No. | Name of Parish | D.Fund | M. Semi. Fund | H.C. | B.S. | P.P. | M.S. | V.F. | CMF | JS | G.F | MEC | SMMS | YD | TM | JF |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Adimali | 102420 | 25000 | 200 | 200 | 200 | 200 | 200 | 200 | 200 | - | 1700 | 200 | 200 | 200 | 200 |
| 2 | Alpara | 7120 | - | - | - | - | 3000 | - | - | - | - | - | - | 2000 | - | - |
| 3 | Alpho. Nagar | - | - | 100 | 100 | 200 | 100 | 100 | 100 | 100 | 1000 | 700 | 100 | - | 100 | 100 |
| 4 | Anachal | 5000 | 5000 | 100 | 100 | 100 | 200 | 100 | 100 | 100 | 200 | 100 | 300 | 100 | 100 | 100 |
| 5 | Anakulam | 3000 | 10000 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 600 | 150 | 150 | 150 | 150 |
| 6 | Ayiramekkar | - | - | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 200 | 100 | 100 | 100 | 100 |
| 7 | Bethel | 10000 | 25000 | 100 | 200 | 100 | 200 | 100 | 100 | 100 | 200 | 300 | 300 | 100 | 100 | 100 |
| 8 | Bhoomiamkulam | - | - | 300 | 300 | 300 | 500 | 300 | 300 | 300 | - | 500 | 500 | 1500 | 300 | 300 |

| Sl. No. | Name of Parish | D.Fund | M. Semi. Fund | H.C. | B.S. | P.P. | M.S. | V.F. | CMF | JS | G.F | MEC | SMMS | YD | TM | JF |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 9 | Bisonvalley | 13000 | 15000 | 100 | 200 | 100 | - | 100 | 100 | 100 | 200 | 500 | 300 | 100 | 100 | 100 |
| 10 | Calvarymount | - | - | 250 | 250 | 500 | 500 | 250 | 250 | 250 | 500 | 500 | - | 250 | - | - |
| 11 | Chelliampara | 10000 | 5000 | 100 | 200 | 200 | 200 | 100 | 100 | 100 | 200 | 500 | 500 | 100 | 100 | 100 |
| 12 | Chembalam | - | 5000 | 150 | 100 | 100 | 250 | 100 | 100 | 150 | 400 | 600 | 100 | 250 | - | 100 |
| 13 | Chemmannar | - | - | 200 | 500 | 200 | 1000 | 100 | 100 | 100 | 500 | 500 | 500 | 100 | 100 | 100 |
| 14 | Chempakappara | 5000 | 5000 | 300 | 300 | 300 | 1000 | 300 | 300 | 300 | 800 | - | 500 | 300 | 300 | 300 |
| 15 | Chinnarnirappu | 10000 | 10000 | 100 | 200 | 100 | 100 | 100 | 100 | 100 | 100 | 200 | 100 | 100 | 100 | 100 |
| 16 | Churuly | 10000 | 25000 | 500 | 500 | 2000 | 1000 | 500 | 500 | 1000 | 1000 | 5446 | 500 | 1000 | 500 | 500 |
| 17 | Eattithope | 15000 | 20000 | 250 | 500 | 500 | 1000 | 1000 | 500 | 250 | 1000 | 1200 | 1000 | 500 | 500 | 500 |
| 18 | Ellackal | 12000 | 15000 | 500 | 500 | 500 | 500 | 500 | 500 | 500 | - | 1000 | 500 | 500 | 500 | 500 |
| 19 | Erattayar | 50000 | 25000 | 1000 | 2000 | 2500 | 3000 | 1000 | 1000 | 1000 | - | 20000 | 3000 | 2000 | 1000 | 1000 |
| 20 | Ezhukumvayal | 31000 | 25000 | 1000 | 1000 | 3500 | 4000 | 1000 | 1000 | 1000 | 2500 | 4500 | 3000 | 1500 | 2000 | 750 |
| 21 | Georgiar | 1000 | 2000 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 200 | 100 | 100 | 100 | 100 |
| 22 | Idukki | - | 13400 | 100 | 200 | 100 | 200 | 100 | 100 | 100 | 200 | 700 | 200 | 100 | 100 | 100 |
| 23 | Irumbupalam | - | - | 150 | 150 | 150 | 200 | 150 | 150 | 150 | 150 | 750 | 200 | 150 | 150 | 150 |
| 24 | Josegiri | 10000 | 12000 | - | 150 | 150 | 500 | 150 | 150 | 150 | - | 1500 | 150 | 150 | 150 | 150 |



| Sl. No. | Name of Parish | D.Fund | M. Semi. Fund | H.C. | B.S. | P.P. | M.S. | V.F. | CMF | JS | G.F | MEC | SMMS | YD | TM | JF |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 25 | Josepuram | 5000 | 5000 | 250 | 250 | 500 | 1000 | 200 | 300 | 500 | 500 | 1500 | 500 | 500 | 250 | 250 |
| 26 | Kailasam | 5000 | 15000 | 100 | 100 | 100 | 200 | 100 | 100 | 100 | 100 | 1400 | 100 | 100 | 100 | 100 |
| 27 | Kallar | 3000 | 4000 | 100 | 100 | 100 | 300 | 100 | 100 | 100 | 250 | 500 | 100 | 100 | 100 | 100 |
| 28 | Kallarkutty | 10000 | 25000 | 200 | 200 | 200 | 250 | 200 | 200 | 200 | 200 | 1000 | 250 | 200 | 200 | 200 |
| 29 | Kallupalam | - | - | 200 | 200 | 200 | 200 | 200 | 200 | 200 | 500 | 500 | - | 200 | 200 | 200 |
| 30 | Kanakakunnu | 20000 | 25000 | 150 | 150 | 150 | 2000 | 150 | 150 | 150 | 300 | 2000 | 150 | 500 | 500 | 150 |
| 31 | Kanchiyar | 5000 | - | 100 | 100 | 100 | 250 | 100 | 100 | 100 | 250 | 350 | 100 | 200 | 100 | 100 |
| 32 | Kamakshy | 1000 | 1000 | - | 100 | 200 | 1000 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 |
| 33 | Kanjikuzhy | 25000 | 25000 | 200 | 250 | 500 | 12000 | 200 | 200 | 250 | 500 | 500 | 500 | 500 | 250 | 250 |
| 34 | Kanthippara | 10500 | 15000 | 200 | 200 | 200 | 300 | 100 | 100 | 100 | 400 | 500 | 500 | 200 | 200 | 100 |
| 35 | Kanthalloor | - | - | - | - | - | - | - | - | - | - | - | - | - | - | - |
| 36 | Karickumtholam | - | - | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 |
| 37 | Karimpan | 10000 | 25000 | 200 | 200 | 500 | 500 | 200 | 300 | 300 | 1000 | 1000 | 300 | 5000 | 500 | 200 |
| 38 | Karithode | 4000 | 4000 | 150 | 150 | 150 | 150 | 150 | 150 | 150 | - | 350 | 150 | 150 | 150 | 150 |
| 39 | Kattakala | 1500 | 2000 | 100 | 100 | 100 | 200 | 100 | 100 | 100 | 200 | 500 | 100 | 150 | 100 | 100 |
| 40 | Keerithode | 11550 | 20000 | 200 | 200 | 200 | 300 | 100 | 100 | 100 | 200 | 1700 | 200 | 200 | 200 | 100 |

| Sl. No. | Name of Parish | D.Fund | M. Semi. Fund | H.C. | B.S. | P.P. | M.S. | V.F. | CMF | JS | G.F | MEC | SMMS | YD | TM | JF |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 41 | Kiliyarkandam | 10000 | 10000 | - | - | - | - | - | - | - | - | - | - | - | - | - |
| 42 | Kombayar | - | 12900 | 100 | 100 | 100 | 100 | 100 | 100 | 100 | - | 200 | 100 | 100 | 100 | 100 |
| 43 | Koombanmala | 4000 | - | - | - | - | - | - | - | - | - | - | - | - | - | - |
| 44 | Koombanpara | 15000 | 25000 | 500 | 500 | 500 | 500 | 500 | 500 | 500 | - | 500 | 500 | 500 | 500 | 500 |
| 45 | Korandakad | - | - | - | - | - | - | - | - | - | - | - | - | - | - | - |
| 46 | Kozhimala | 2000 | - | 200 | 200 | 200 | 300 | 100 | 100 | 100 | 500 | 500 | 500 | 100 | 100 | 100 |
| 47 | Kunchithanni | 25000 | 25000 | 800 | 500 | 500 | 500 | 500 | 500 | 500 | 500 | 2500 | 500 | 500 | 500 | 500 |
| 48 | Kurisupara | - | 6000 | 100 | 100 | 100 | 100 | 100 | 100 | 100 | - | 500 | 100 | 100 | 100 | 100 |
| 49 | Kuthirakallu | 5000 | 25000 | 200 | 200 | 200 | 200 | 100 | 100 | 100 | 100 | 400 | 250 | 250 | 200 | 200 |
| 50 | Kuthupara | - | - | 100 | 100 | 100 | 200 | 100 | 100 | 100 | 100 | 100 | 200 | 100 | 100 | 100 |
| 51 | Kuzhikanam | 5000 | - | - | - | - | - | - | - | - | - | - | - | - | - | - |
| 52 | Lower Kulamavu | - | - | - | - | - | - | - | - | - | - | - | - | - | - | - |
| 53 | Machiplavu | 15000 | 25000 | 250 | 250 | 250 | 250 | 250 | 250 | 250 | - | 1200 | 250 | 250 | 250 | 250 |
| 54 | Mailadumpara | 10000 | 20000 | 100 | 100 | 100 | 200 | 100 | 100 | 100 | 200 | 1000 | 200 | 100 | 100 | 100 |
| 55 | Maniyarankudy | 14330 | - | 200 | 200 | 500 | 500 | 200 | 200 | 200 | 500 | 700 | 200 | 500 | 200 | 200 |
| 56 | Manjappara | - | 10000 | 100 | 100 | 200 | 100 | 100 | 100 | 100 | 1000 | 700 | 100 | 100 | 100 | 100 |



| Sl. No. | Name of Parish | D.Fund | M. Semi. Fund | H.C. | B.S. | P.P. | M.S. | V.F. | CMF | JS | G.F | MEC | SMMS | YD | TM | JF |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 57 | Manjappetty | - | 5000 | 150 | 100 | 100 | 300 | 100 | 100 | 150 | - | 850 | 150 | 250 | - | 100 |
| 58 | Mankulam | 10000 | 15000 | 250 | 250 | 250 | 250 | 250 | 250 | 250 | 250 | 250 | 250 | 250 | 250 | 250 |
| 59 | Mankuva | 12500 | 10000 | 150 | 150 | 200 | 1000 | 150 | 150 | 150 | 1000 | 2600 | 1000 | 200 | 500 | 150 |
| 60 | Mariapuram | - | - | 500 | 500 | 500 | 500 | 500 | 500 | 500 | - | 500 | 500 | 500 | 500 | 500 |
| 61 | Maryland | - | - | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 500 | 100 | 100 | 100 | 100 |
| 62 | Mavady | 10000 | 20000 | 300 | 300 | 300 | 500 | 300 | 300 | 300 | - | 1300 | 500 | 300 | 300 | 300 |
| 63 | Mukkudam | 5000 | 5000 | 200 | 200 | 200 | 500 | 200 | 200 | 200 | 500 | 500 | 500 | 250 | 300 | 200 |
| 64 | Mulakaramedu | 10000 | 20000 | 500 | 500 | 500 | 500 | 500 | 500 | 500 | - | 1000 | - | 500 | 500 | 500 |
| 65 | Mulakuvally | 8000 | 10000 | 500 | 500 | 1500 | 800 | 500 | 400 | 500 | 1000 | 1300 | 1000 | 500 | 500 | 500 |
| 66 | Munnar | - | - | - | - | - | - | - | - | - | - | - | - | - | - | - |
| 67 | Murickassery | 15000 | 25000 | 300 | 300 | 500 | 300 | 300 | 300 | 300 | - | 1300 | 500 | 300 | 300 | 300 |
| 68 | Murickumthotty | 10000 | 10000 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 2150 | 200 | 200 | 200 | 200 |
| 69 | Muttukad | 10000 | 10000 | 500 | 200 | 200 | 300 | 200 | 200 | 200 | 200 | 500 | 200 | 300 | 200 | 200 |
| 70 | Nanguthotty | - | - | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 150 |
| 71 | Narakakanam | 15000 | 15000 | 100 | 100 | 500 | 500 | 100 | 100 | 100 | 500 | 400 | 100 | 100 | 100 | 100 |
| 72 | Nazarethvalley | - | 30000 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 500 | 200 | 200 | 200 | 200 |

| Sl. No. | Name of Parish | D.Fund | M. Semi. Fund | H.C. | B.S. | P.P. | M.S. | V.F. | CMF | JS | G.F | MEC | SMMS | YD | TM | JF |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 73 | Nedumkandam | 106705 | 25000 | 1000 | 1000 | 5000 | 7500 | 1000 | 1000 | 1000 | 1000 | 4500 | 2000 | 2000 | 1000 | 1000 |
| 74 | Neelivayal | 3000 | 5000 | 100 | 100 | 100 | 200 | 100 | 100 | 100 | 200 | 500 | 100 | 300 | 100 | 100 |
| 75 | Nellippara | 13000 | 17000 | 250 | 250 | 500 | 500 | 250 | 250 | 250 | - | 500 | 500 | 250 | 250 | 250 |
| 76 | Pachady | 7000 | 9000 | 200 | 200 | 250 | 200 | 200 | 200 | 200 | - | 250 | 250 | 200 | 200 | 200 |
| 77 | Painavu | 2000 | - | - | - | - | - | - | - | - | - | - | - | - | - | - |
| 78 | Palar | 20000 | 10000 | 100 | 100 | 4000 | 200 | 200 | 200 | 100 | 500 | 500 | 200 | 200 | 200 | 200 |
| 79 | Pallanadu | - | - | - | - | - | - | - | - | - | - | - | - | - | - | - |
| 80 | Panamkutty | 16000 | - | 250 | 250 | 350 | 500 | 250 | 300 | 250 | - | 1500 | 500 | 250 | 300 | 300 |
| 81 | Pandippara | 15000 | 20000 | 200 | 200 | 200 | 500 | 200 | 200 | 200 | 500 | 2000 | 200 | 200 | 200 | 200 |
| 82 | Panickankudy | 10000 | 25000 | 200 | 200 | 200 | 200 | 200 | 200 | 400 | 200 | 2000 | 250 | 250 | - | 200 |
| 83 | Panniyarkutty | - | 12000 | 100 | 100 | 200 | 460 | 100 | 100 | 100 | 100 | - | 700 | 100 | 100 | 100 |
| 84 | Parathode | 63500 | 25000 | 300 | 300 | 500 | 1000 | 300 | 300 | 300 | 500 | 1500 | 500 | 700 | - | 300 |
| 85 | Pazhayarikandam | 5000 | 25000 | 100 | 100 | 100 | 100 | 100 | 100 | 100 | 200 | 1000 | 100 | 100 | 100 | 100 |
| 86 | Perinchamkutty | 10000 | 12000 | 150 | 150 | 150 | 250 | 150 | 150 | 150 | 150 | 1250 | 150 | 1000 | 150 | 150 |
| 87 | Pezhumkandam | 5000 | 5000 | 100 | 100 | 200 | 250 | 100 | 100 | 100 | 250 | 500 | 150 | 100 | 100 | 100 |
| 88 | Ponmudy | 30310 | - | - | - | - | - | - | - | - | - | - | - | - | - | - |



| Sl. No. | Name of Parish | D.Fund | M. Semi. Fund | H.C. | B.S. | P.P. | M.S. | V.F. | CMF | JS | G.F | MEC | SMMS | YD | TM | JF |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 89 | Ponnamala | - | - | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 |
| 90 | Pottenkadu | 10000 | 20000 | 500 | 750 | 750 | 1000 | 1000 | 500 | 500 | 1000 | 1500 | - | 1000 | 1000 | 500 |
| 91 | Pothupara | 20000 | - | - | - | - | - | - | - | - | - | - | - | - | - | - |
| 92 | Rajakkadu | - | 50000 | 100 | 200 | 100 | 500 | 100 | 100 | 100 | 500 | 500 | 500 | 100 | 100 | 100 |
| 93 | Rajakumary | 30000 | 25000 | 100 | 100 | 21960 | - | 100 | 100 | 100 | - | 1700 | 100 | 100 | - | 100 |
| 94 | Rajamudy | 5000 | 5000 | 250 | 250 | 250 | 500 | 250 | 250 | 250 | 250 | 2500 | 250 | 250 | 250 | 250 |
| 95 | Rajapuram | 10000 | 10000 | 500 | 500 | 500 | 500 | 500 | 500 | 500 | 500 | 1500 | 500 | 500 | 500 | 500 |
| 96 | Sahayagiri | 4000 | 6000 | 200 | 200 | 200 | 200 | 200 | 200 | 200 | 300 | 1500 | 200 | 200 | 200 | 200 |
| 97 | Santhigram | 26000 | 25000 | 250 | 500 | 500 | 350 | 500 | 300 | 300 | 300 | 1000 | 500 | 300 | 300 | 100 |
| 98 | Sleevamala | 10000 | 15000 | 150 | 150 | 150 | 150 | 150 | 150 | 150 | 500 | 2000 | 150 | 150 | 150 | 150 |
| 99 | Snehagiri | - | - | 100 | 100 | 100 | 200 | 100 | 100 | 100 | 200 | 1400 | 100 | 200 | 100 | 100 |
| 100 | Thankamany | 20000 | 25000 | 250 | 250 | 250 | 1150 | 200 | 200 | 200 | 2000 | 4000 | 200 | 500 | 500 | 200 |
| 101 | Thannikandam | 5000 | 5000 | 100 | 100 | 200 | 100 | 100 | 100 | 100 | 200 | 750 | 100 | 3000 | 100 | 100 |
| 102 | Thattekkanny | - | - | 100 | 100 | 100 | 150 | 100 | 100 | 100 | - | 300 | 150 | 100 | 100 | 100 |
| 103 | Thinkalkadu | - | - | | | | | | | | | | | | | |
| 104 | Thokkupara | 30000 | 25000 | 200 | 500 | 3000 | 500 | 200 | 200 | 200 | 14200 | 5000 | 500 | 5000 | 200 | 200 |

| Sl. No. | Name of Parish | D.Fund | M.Semi. Fund | H.C. | B.S. | P.P. | M.S. | V.F. | CMF | JS | G.F | MEC | SMMS | YD | TM | JF |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 105 | Thookupalam | - | 2500 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 |
| 106 | Thopramkudy | 10000 | 25000 | 200 | 200 | 200 | 500 | 200 | 200 | 200 | - | - | 500 | 200 | 200 | - |
| 104 | Thovarayar | 15870 | 25000 | 100 | 200 | 200 | 15000 | 100 | 100 | 100 | 300 | 1000 | 100 | 100 | 100 | 100 |
| 108 | Udhayagiri | 10000 | 10000 | 250 | 250 | 250 | 250 | 250 | 250 | 250 | 250 | 1000 | 250 | 250 | 250 | 250 |
| 109 | Upputhode | 20000 | 25000 | 1000 | 1000 | 1000 | 2500 | - | - | 1000 | - | 6000 | 2000 | 5000 | - | - |
| 110 | Vattappara | 5000 | 6000 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 200 | 100 | 100 | 100 | 100 |
| 111 | Vazhathope | 55000 | 50000 | 1000 | 1000 | 1000 | 3000 | 1000 | 1000 | 1000 | 1500 | 4900 | 1000 | 1000 | 500 | 600 |
| 112 | Vathikudy | 5000 | 12400 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 |
| 113 | Vazhavara | 15000 | 25000 | 500 | 1500 | 1500 | 2000 | 500 | 250 | 500 | 2500 | 3000 | 500 | 1000 | 500 | 250 |
| 114 | Vellathooval | 10000 | 15000 | 100 | 200 | 100 | 300 | 200 | 100 | 100 | 300 | 500 | 300 | 100 | 100 | 100 |
| 115 | Vellayamkudy | - | - | - | 2000 | 1000 | 12500 | 2000 | 1000 | 1000 | 3000 | 2000 | 2000 | - | - | 1000 |
| 116 | Venmony | 15000 | 25000 | 200 | 200 | 200 | 200 | 200 | - | 200 | - | 500 | 200 | 200 | 200 | 200 |
| 117 | Vimalagiri | 25000 | 25000 | 350 | 350 | 350 | 350 | 350 | 350 | 350 | 350 | 1800 | 350 | 350 | 350 | 350 |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |



# മൈനർ സെമിനാരി

## MS. 1/18 ദൈവവിളി ക്യാമ്പ്

2018-19 അദ്ധ്യയനവർഷത്തേക്കുള്ള പുതിയ കുട്ടികളെ തിരഞ്ഞെടുക്കുന്നതിന് ഒരുക്കമായി ഈ വർഷം 10-12 ക്ലാസ്സുകളിൽ പരീക്ഷയെഴുതുന്നവരും ഡിഗ്രി പഠനം പൂർത്തിയാക്കിയവരുമായ ആൺകുട്ടികൾക്കുവേണ്ടി നമ്മുടെ മൈനർ സെമിനാരിയിൽ വച്ച് ഒരു ദൈവവിളി ക്യമ്പ് നടത്തുകയാണ്. 2018 ഏപ്രിൽ 7 ശനിയാഴ്ച വൈകിട്ട് 4 മണിക്ക് ആരംഭിച്ച് ഏപ്രിൽ 9 തിങ്കളാഴ്ച രാവിലെ 10 മണിക്ക് അവസാനിക്കുന്ന ഈ ക്യാമ്പിലേക്ക് സൽസ്വഭാവികളും, പഠന പാഠ്യേതരവിഷയങ്ങളിൽ മികവ് പുലർത്തുന്നവരും വൈദീക ജീവിതത്തോട് ആഭിമുഖ്യമുള്ളവരുമായ നല്ല കുട്ടികളെ പറഞ്ഞയക്കാൻ ബഹു. വികാരിയച്ചന്മാർ ഉത്സാഹിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ മൈനർ സെമിനാരിയിൽ പ്രവേശനം ലഭിക്കുന്നതിന് നിർബന്ധമായും ഈ ക്യാമ്പിൽ സംബന്ധിക്കേണ്ടതാണ്.

റെക്ടർ

## MS. 2/18 ക്രിസ്റ്റീൻ ധ്യാനം

"കൗദാശിക ജീവിതത്തിലൂടെ ക്രിസ്തുവിലേക്ക്"

5-12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഇടുക്കി രൂപതാ ദൈവശാസ്ത്ര വൈദികവിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ ഇടവകകളിൽ ത്രിദിനധ്യാനം സംഘടിപ്പിക്കുന്നു. എല്ലാ ബഹുമാനപ്പെട്ട അച്ചന്മാരുടെയും സ്നേഹപൂർവ്വമായ സഹകരണം പ്രതീക്ഷിക്കുന്നു. ധ്യാനം നടത്തുവാൻ താല്പര്യമുള്ളവർ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

റവ. ഫാ. തോമസ് വട്ടമല - 9495044830

## MS. 3/18 മ്ശംമ്ശാന, ഹെവ്പ്ഷദ്യാക്ക്ന, കാറോയ പട്ടങ്ങളുടെ സ്വീകരണം

മാർച്ച് 24-ാം തീയതി ശനിയാഴ്ച രാവിലെ 9.30-ന് ഇടുക്കി രൂപതാ കത്തീഡ്രൽ ദൈവാലയത്തിൽ ദൈവശാസ്ത്ര വിദ്യാർത്ഥികൾ മ്ശംമ്ശാന, ഹെവ്പ്പദ്യാക്ക്ന, കാറോയ പട്ടങ്ങൾ സ്വീകരിക്കുന്നു. ഈ വൈദികവിദ്യാർത്ഥികളെ നമ്മുടെ പ്രാർത്ഥനയിൽ അനുസ്മരിക്കാം.

# ക്രിസ്തുജ്യോതി

## CJ. 15/18 ട്രോഫികൾ

2016-17 അദ്ധ്യയന വർഷത്തിൽ സമ്മാനമായി ലഭിച്ച ട്രോഫികൾ ക്രിസ്തുജ്യോതി ഓഫീസിൽ ഉടനെ തിരികെ എത്തിക്കുമല്ലൊ.

## CJ. 16/18 മതാദ്ധ്യാപകർക്കുള്ള ക്വിസ് മത്സരം

2018 മാർച്ച് 11 ന് ആണ് മതാദ്ധ്യാപകരുടെ ക്വിസ് മത്സരം. പരീക്ഷ സമയം 1 pm മുതൽ 2 pm വരെയാണ് ചോദ്യപേപ്പറുകൾ അതാതുവിതരണ കേന്ദ്രങ്ങളിൽ നിന്നും മാർച്ച് 10 ന് വാങ്ങേണ്ടതാണ്.

2018 മാർച്ച് 4 ന് സ്റ്റഡിഫോറം വിലയിരുത്തലും സമാപന സമ്മേളനവും ഓരോ ഇടവകയിലും നടത്തേണ്ടതാണ്.

## CJ.17/18 സുവിശേഷോത്സവ് ക്ലാസുകൾ

മതാദ്ധ്യാപകർക്കുള്ള സുവിശേഷോത്സവ പരിശീലന ക്ലാസുകൾ:-

24-02-18 - രാജാക്കാട് (രാജാക്കാട്, വെള്ളത്തൂവൽ ഫൊറോനകൾ)
3-03-18 - അടിമാലി ആത്മജ്യോതി (കൂമ്പൻപാറ, പാറത്തോട് ഫൊറോനകൾ)



10-03-18 - നെടുംകണ്ടം (നെടുംകണ്ടം ഫൊറോന)
17-03-18 - വെള്ളയാംകുടി (വെള്ളയാംകുടി, ഇരട്ടയാർ, തങ്കമണി ഫൊറോനകൾ)
24-03-18 - വാഴത്തോപ്പ് (വാഴത്തോപ്പ്, ചുരുളി ഫൊറോനകൾ).

രാവിലെ 9 ന് വിശുദ്ധകുർബാനയോടെ ക്ലാസുകൾ ആരംഭിക്കുന്നതും 3.30 pm ന് അവസാനിക്കുന്നതും ആണ്. രജി. ഫീസ് Rs. 50.

## CJ. 18/18 മതാദ്ധ്യാപകർക്കുള്ള അവാർഡ്

മതാദ്ധ്യാപകർക്ക് അവാർഡിനായുള്ള അപേക്ഷകൾ മാർച്ച് 15 ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ നൽകേണ്ടതാണ്. വികാരിയച്ചന്റെ സാക്ഷ്യപത്രവും ഫോട്ടോയും ആണ് രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടത്. 10, 20, 25, 30, 35, 40, 45 വർഷം സേവനം പൂർത്തിയാക്കിയവർക്കാണ് അവാർഡ് നൽകുന്നത്.

## CJ. 19/18 വാർഷിക - സ്കോളർഷിപ് പരീക്ഷകൾ

10, 12 ക്ലാസിലെ കുട്ടികൾക്ക് മുഴുവൻ പാഠഭാഗത്തുനിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. ബാക്കി ക്ലാസുകളിലെ കുട്ടികൾക്ക് മൂന്നാം ടേമിൽ പഠിക്കാൻ നിർദ്ദേശിച്ചിരിക്കുന്ന ഭാഗത്തുനിന്നു മാത്രമെ ചോദ്യങ്ങൾ ഉണ്ടാകു.

സ്കോളർഷിപ്പു പരീക്ഷയ്ക്ക് 4 മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികൾക്ക് പാഠപുസ്തകത്തോടൊപ്പം മാർഗദീപം Vol. II ലെ ആദ്യത്തെ 11 അദ്ധ്യായങ്ങും കൂദാശകൾ എന്ന 13-ാം അദ്ധ്യാവും പഠിക്കേണ്ടതാണ്. 8, 9, 10 ക്ലാസുകളിലെ കുട്ടികൾക്ക് പാഠപുസ്തകത്തോടൊപ്പം മാർഗദീപം Vol. II മുഴുവൻ ഭാഗത്തു നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. സ്കോളർഷിപ്പു പരീക്ഷയുടെ ചോദ്യങ്ങളുടെ വിഭജന രീതി :- പാഠപുസ്തകം 65% ചോദ്യങ്ങൾ, മാർഗദീപം + സഭാസംബന്ധമായ ആനുകാലിക കാര്യങ്ങൾ 35% ചോദ്യങ്ങൾ.

**പരീക്ഷാ സമയം:**

**സ്കോളർഷിപ്പ് പരീക്ഷ** : ഏപ്രിൽ 9 ന് രാവിലെ 10 am മുതൽ 12 pm വരെ അതാതു ഫൊറോനകളിൽ.

**വാർഷിക പരീക്ഷ** : ഒന്നുമുതൽ ഒൻപതാംക്ലാസ് വരെയും പതിനൊന്നാം ക്ലാസിന്റെയും പരീക്ഷ ഏപ്രിൽ 7 ന് രാവിലെ 9 മുതൽ 11 am വരെ.

X. XII ക്ലാസുകളുടെ പരീക്ഷ ഏപ്രിൽ 7 ന് 11 am മുതൽ 1 pm വരെ.

എല്ലാ ഇടവകകളും പരീക്ഷയുടെ സമയം കൃത്യമായി പാലിക്കേണ്ടതാണെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

### CJ. 20/18 ബ്ലസിംഗ് സെറിമണി

12-ാം ക്ലാസ് കുട്ടികളുടെ ബ്ലസിംഗ് സെറിമണി മാർച്ച് 18 ന് ആണ് നടത്തേണ്ടത്. ബ്ലസിംഗ് സെറിമണി ആകർഷകമായി നടത്തുവാൻ ബഹു. വികാരിയച്ചന്മാരും മതാദ്ധ്യാപകരും പ്രത്യേകം ശ്രദ്ധിക്കുമല്ലൊ.

### CJ. 21/18 വാർഷിക റിപ്പോർട്ട്

സുവിശേഷോത്സവ് ക്ലാസുകൾ കഴിഞ്ഞ് ഏപ്രിൽ 9 നു മുമ്പായി വാർഷിക റിപ്പോർട്ട് രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. അതിനുശേഷം ലഭിക്കുന്ന റിപ്പോർട്ടുകൾ ഗ്രേഡ് നിർണ്ണയത്തിന് പരിഗണിക്കുന്നതല്ല.

### CJ. 22/18 ഇടവക വിഹിതം

ഇടവക വിഹിതം ഇതുവരെയും നൽകിയിട്ടില്ലാത്ത ഇടവകകൾ എത്രയും പെട്ടെന്ന് നൽകണമെന്ന് അറിയിക്കുന്നു.

## CORPORATE EDUCATIONAL AGENCY

### Edn.8/18 അദ്ധ്യാപക - അനദ്ധ്യാപക അവാർഡുകൾ

ഇടുക്കി രൂപത വിദ്യാഭ്യാസ ഏജൻസിയുടെ 2017-18 വർഷത്തെ മികച്ച സേവനത്തിനുള്ള അദ്ധ്യാപക - അനദ്ധ്യാപക അവാർഡുകൾ ഫെബ്രുവരി 13-ാം തീയതി വെള്ളയാംകുടി സെന്റ്



ജോർജസ് പാരീഷ്ഹാളിൽ നടന്ന സ്നേഹസംഗമത്തിൽ അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ വിതരണം ചെയ്തു.

ശ്രീമതി ലൗലി ത്രേസ്യ ജോർജ്, എച്ച്.എസ്.എസ്.റ്റി. കെമിസ്ട്രി (ഹയർ സെക്കൻഡറി വിഭാഗം) ഇരട്ടയാർ സെന്റ് തോമസ് എച്ച്.എച്ച്.എസ്., ശ്രീമതി കരോളിൻ ജോസ്, ഹെഡ്മിസ്ട്രസ് (ഹൈസ്കൂൾ വിഭാഗം) കാന്തിപ്പാറ സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്., ശ്രീമതി മോളിക്കുട്ടി തോമസ് ഹെഡ്മിസ്ട്രസ്, മണിപ്പാറ സെന്റ് മേരീസ് യു.പി.എസ്., ശ്രീ. സ്കറിയ കെ.സി. ഹിന്ദി അദ്ധ്യാപകൻ, വാഴത്തോപ്പ് സെന്റ് ജോർജ്ജസ് യു.പി.എസ്. (യു.പി. വിഭാഗം), ശ്രീ. പാപ്പച്ചി എ.എൽ. ഹെഡ്മാസ്റ്റർ, പാറത്തോട് സെന്റ് ജോർജസ് എൽ.പി.എസ്. (എൽ.പി. വിഭാഗം), ശ്രീ. ജോബി വി.ജെ. ലാബ് അസിസ്റ്റന്റ് വാഴത്തോപ്പ് സെന്റ് ജോർജ്ജസ് എച്ച്.എസ്.എസ്. (അനധ്യാപക വിഭാഗം) എന്നിവരാണ് അവാർഡിനർഹരായത്.

അവാർഡു ജേതാക്കൾക്ക് വിദ്യാഭ്യാസ ഏജൻസിയുടെ അഭിനന്ദനങ്ങൾ.

### Edn. 9/18 അവാർഡ് വിതരണവും യാത്രയയപ്പ് സമ്മേളനവും

ഈ വർഷം സേവനത്തിൽ നിന്നും വിരമിക്കുന്ന നമ്മുടെ സ്കൂളുകളിലെ അദ്ധ്യാപക - അനദ്ധ്യാപകർക്കുള്ള യാത്രയയപ്പും, മികച്ച പ്രവർത്തനങ്ങൾ കാഴ്ച്ചവച്ച സ്കൂളുകൾ, പി.റ്റി.എ., വിദ്യാർത്ഥികൾ എന്നിവർക്കുള്ള അവാർഡുകളുടെ വിതരണവും 2018 മാർച്ച് 24 ന് ശനിയാഴ്ച രാജമുടി ക്രിസ്തുരാജ് പാരീഷ്ഹാളിൽ നടത്തുന്നു. രാവിലെ 10.00 ന് ആരംഭിക്കുന്ന സമ്മേളനം അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഉദ്ഘാടനം ചെയ്യുന്നതാണ്.

ഈ സമ്മേളനത്തിലേക്ക് ഈ വർഷം വിരമിക്കുന്ന എല്ലാ അദ്ധ്യാപക-അനദ്ധ്യാപകരേയും എല്ലാ പ്രിൻസിപ്പൽമാരേയും, പ്രഥമാദ്ധ്യാപകരേയും സ്റ്റാഫ് സെക്രട്ടറിമാരേയും സ്നേഹപൂർവം ക്ഷണിക്കുന്നു.

### Edn. 10/18 ദിവസ വേതനനിയമിതരുടെ യോഗം 2018

നമ്മുടെ സ്കൂളുകളിൽ ദിവസവേതന വ്യവസ്ഥയിൽ

നിയമിതരായിട്ടുള്ള അധ്യാപക-അനധ്യാപകരുടെ ഒരു യോഗം 2018 മെയ് 4 ന് രാവിലെ 10 മണിക്ക് മണിപ്പാറ സെന്റ് മേരീസ് യു.പി. സ്കൂളിൽ നടത്തുന്നു. സ്ഥിരനിയമനം ലഭിക്കാത്ത എല്ലാവരും നിർബന്ധമായും ഈ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്. യോഗ്യതാപരീക്ഷകളുടെ പകർപ്പുകളും സമർപ്പിക്കണം. ഈ വിവരം ബ. വികാരിയച്ചന്മാർ പള്ളികളിൽ മുൻകൂട്ടി അറിയിക്കണേ.

### Edn.11/18 ദിവസവേതന നിയമനം (2018-19)

2018-19 വർഷം, നമ്മുടെ സ്കൂളുകളിൽ ദിവസവേതന വ്യവസ്ഥയിൽ നിയമനം ലഭിക്കുവാൻ ആഗ്രഹിക്കുന്ന T.T.C., B.Ed, K-TETപരീക്ഷകൾ പാസായ ഉദ്യോഗാർത്ഥികളുടെ Bio-data, (യോഗ്യതാപരീക്ഷകളുടേയും, പരിചയപത്രത്തിന്റേയും പകർപ്പുകൾ സഹിതം) 27-03-18 വരെ രൂപതാ വിദ്യാഭ്യാസ ഓഫീസിൽ സ്വീകരിക്കുന്നു. ഇക്കാര്യവും ബ. വികാരിച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലൊ.

## സോഷ്യൽ സർവ്വീസ്

### SS 17/18 സേവ് എ ഫാമിലി പ്ലാൻ വാർഷിക ഒത്തുചേരൽ

25-01-2018 ചൊവ്വാഴ്ച സേവ് എ ഫാമിലി പ്ലാനിന്റെ വാർഷിക ഒത്തുചേരൽ കരിമ്പൻ സെന്റ് മേരീസ് പാരീഷ് ഹാളിൽ നടന്നു.സേവ് എ ഫാമിലി പ്ലാൻ അംഗങ്ങളായ 125 കുടുംബങ്ങൾ ഒത്തുചേരലിൽ പങ്കെടുത്തു.എച്ച്.ഡി.എസ്. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സേവ് എ ഫാമിലി പ്ലാൻ ഇൻഡ്യ റീജണൽ ഓഫീസർ ശ്രീ. മനോജ് കുമാർ ക്ലാസ്സ് നയിച്ചു. കോർഡിനേറ്റർ മെൽബിൻ മാത്യു, ആനിമേറ്റർ കുഞ്ഞമ്മ തോമസ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

### SS 18/18 വിലയിരുത്തലും പരിശീലന പരിപാടിയും

02-02-2018 വെള്ളിയാഴ്ച ഫാം ഫ്രണ്ട്സ്, ഫാർമേഴ്സ്



ക്ലബുകളുടെ വിലയിരുത്തലും പരിശീലന പരിപാടിയും ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ഓഫീസിൽ വച്ച് നടത്തി. 25 ക്ലബ്ബുകളിൽ നിന്നായി 50 അംഗങ്ങൾ പങ്കെടുത്തു.എച്ച്.ഡി.എസ്. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഓരോ ക്ലബ്ബുകളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. വിളകളുടെ പരിപാലനത്തെക്കുറിച്ച് കൃഷി വിദഗ്ധൻ ശ്രീ. ബിനോയി മലേപ്പറമ്പിൽ ക്ലാസ്സ് എടുത്തു. എച്ച്.ഡി.എസ്. പ്രോഗ്രാം ഓഫീസർ ശ്രീ. സിബി തോമസ്, കോർഡിനേറ്റർ ശ്രീ. മെൽബിൻ മാത്യു എന്നിവർ നേതൃത്വം നൽകി.

### SS 19/18 ഹരിതനിറവ് പദ്ധതി

നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഹരിത നിറവ് പദ്ധതിയിൽ കാർഷിക അഭിവൃദ്ധി വരുത്തുന്നതിനായി 2018 ഫെബ്രുവരി മാസത്തിൽ, രാജമുടി യൂണിറ്റിൽ 11 പേർക്കായി 520000 രൂപയും കിളിയാർകണ്ടം യൂണിറ്റിൽ 16 പേർക്കായി 570000 രൂപയും വായ്പ നൽകി.

### SS 20/18 സ്വാശ്രയ സംഘം ശാക്തീകരിക്കുന്നതിന് ഇ-ശക്തി

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി നബാർഡിന്റെ സഹായത്തോടെസ്വാശ്രയ സംഘങ്ങളുടെ സ്ഥിതിവിവരങ്ങൾ കൃത്യമായി കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി ക്രയവിക്രയങ്ങൾ സുതാര്യമാക്കുന്നതിനും, സംഘങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനും, ധനകാര്യസ്ഥാപനങ്ങളുമായി കൂടുതൽ വായ്പാ സാദ്ധ്യതകൾ സൃഷ്ടിക്കുന്നതിനും, അംഗങ്ങളുടെ വിശ്വാസ്യത നിലനിർത്തുന്നതിനും സഹായകരമാകുന്ന ഇ-ശക്തി പദ്ധതിക്ക് ആരംഭം കുറിച്ചു.

സ്വാശ്രയ സംഘങ്ങൾ അംഗങ്ങൾക്ക് വായ്പാ സൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം പാവപ്പെട്ടവരുടെ സമഗ്രപുരോഗതിക്കും വലിയ സഹായങ്ങൾ നൽകിയിട്ടുണ്ട്.തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയിലെ പങ്കാളിത്തം, സുതാര്യതയോടെ സാമ്പത്തികം കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം, നേതൃപാടവം വളർത്താനുള്ള അവസരം, കൂട്ടായ പ്രവർത്തനങ്ങൾക്കുള്ള

പ്രചോദനം ഇവ സ്വാശ്രയസംഘ പ്രവർത്തനങ്ങളുടെ സംഭാവന യാണ്. എന്നാൽ 40% സംഘങ്ങൾ ബാങ്കിന്റെ വായ്പാ പദ്ധതികളിൽ ഉൾപ്പെടുന്നില്ലായെന്നതും, സംഘങ്ങളുടെ സാമ്പത്തിക ഇടപാടുകളിൽ വേണ്ടതുപോലെ ഇടപെടാൻ ബാങ്കുകളിൽ ആവശ്യത്തിന് ജോലിക്കാർ ഇല്ലായെന്നതും സംഘങ്ങളും ബാങ്കുകളും സർക്കാരുകളും തമ്മിലുള്ള ഏകോപനം വേണ്ടതുപോലെ ഇല്ലായെന്നതും പ്രശ്നങ്ങളാണ്.

ഇ-ശക്തി പദ്ധതിവഴി ഇവയ്ക്ക് പരിഹാരം ഉണ്ടാക്കുവാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. സംഘങ്ങളുടെ സ്ഥിതിവിവരങ്ങൾ കമ്പ്യൂട്ടറിൽ ശേഖരിച്ച് നബാർഡിന്റെ നിയന്ത്രണത്തിലുള്ള ഒരു സെൻട്രൽ സെർവറിൽ സംരക്ഷിക്കുന്നു. തുടർച്ചയായി വിവരങ്ങൾ മൊബൈൽ ഫോൺവഴി പുതുക്കി നൽകാം. ഇതുവഴി അംഗങ്ങൾക്കും സംഘങ്ങൾക്കും സമയാസമയങ്ങളിൽ നിർദ്ദേശങ്ങൾ നല്കുന്നതിനും സാമ്പത്തിക വിനിമയം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സഹായിക്കും.

സൊസൈറ്റിയുടെ കീഴിൽ 450 സംഘങ്ങൾ ഈ പദ്ധതിവഴി ശാക്തീകരിക്കപ്പെടണം. മാർച്ച് മാസത്തോടെ ഈ പ്രക്രിയ പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കുന്നതിനുള്ള തീവ്രശ്രമങ്ങൾ നടന്നുവരികയാണ്. ഇടുക്കി ജില്ലയുടെ സപ്പോർട്ടിംഗ് ഓഫീസറായി പ്രൊജക്റ്റ് കോർഡിനേറ്റർ ശ്രീ. ബിനീഷ് കോട്ടൂരിനെ തിരഞ്ഞെടുത്തു. ഇതിനോടകം 3 പരിശീലന പരിപാടികൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കി.

**SS 21/18 ഹരിതാഭം പദ്ധതി**

നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഹരിതാഭം പദ്ധതിയുടെ ഭാഗമായി 118 കുടുംബങ്ങൾക്ക് വരുമാന വർദ്ധനവിനായി ലോൺ വിതരണം ചെയ്തു. കഞ്ഞിക്കുഴി യൂണിറ്റിൽ 645000 രൂപയും, ആൽപ്പാറ യൂണിറ്റിൽ 348500 രൂപയും, കരിമ്പൻ യൂണിറ്റിൽ 190000 രൂപയും, ചുരുളി യൂണിറ്റിൽ 996000 രൂപയും, വെൺമണി യൂണിറ്റിൽ 1764500 രൂപയും, കീരിത്തോട് യൂണിറ്റിൽ 700000 രൂപയും വിതരണം ചെയ്തിട്ടുണ്ട്.



**SS 22/18 അഞ്ജനം നേത്രദാന പദ്ധതി**

അഞ്ജനം നേത്രദാന പദ്ധതിയിലൂടെ ജനുവരി ഫെബ്രുവരി മാസങ്ങളിലായി മാത്യു തലച്ചിറയിൽ കരിമ്പൻ, തോമസ് ദേവസ്യ വള്ളിയാംതടത്തിൽ മരിയാപുരം, അപ്പച്ചൻ മാത്യു കുറുമുള്ളംതടത്തിൽ മുളകരമേട്, ഏലിക്കുട്ടി സെബാസ്റ്റ്യൻ പള്ളിക്കുന്നേൽ പെരുംതൊട്ടി, ലിസി റാഫേൽ കഹാലയിൽ കല്ലാർകുട്ടി, വാസന്തി കൃഷ്ണൻ മംഗളം എസ്റ്റേറ്റ് ഹരിജൻ കോളനി പുളിയൻമല എന്നിവർതങ്ങളുടെ കണ്ണുകൾ ദാനം ചെയ്തു.അവരുടെ കുടുംബാംഗങ്ങളെ പ്രത്യേകം നന്ദി അറിയിക്കുന്നു.

**SS 23/18 ദുരിതാശ്വാസ നിധി**

സൊസൈറ്റിയിൽനിന്നും ജനുവരി മാസത്തിൽ 7 പേർക്ക് ചികിത്സയ്ക്കായി 28000 രൂപ നൽകി.

**SS 24/18 മുട്ടക്കോഴിക്കുഞ്ഞ് വിതരണം**

എച്ച്.ഡി.എസിന്റെ നേതൃത്വത്തിൽ ഗുണമേന്മയുള്ള 3370 കോഴിക്കുഞ്ഞുങ്ങളെ നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ വെൺമണി, കഞ്ഞിക്കുഴി, ആൽപ്പാറ, തങ്കമണി, ഇരട്ടയാർ, എഴുകുംവയൽ, കാഞ്ചിയാർ, ലോവർ കുളമാവ് എന്നീ യൂണിറ്റുകളിലായി വിതരണം ചെയ്തു.

**SS 25/18 സോളാർ വാട്ടർ ഹീറ്ററുകളുടെ വിതരണം**

ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരമെന്നോണം ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയും അങ്കമാലി അന്ത്യോദയയും സംയുക്തമായി നടത്തുന്ന ഉജ്ജ്വല വാട്ടർ ഹീറ്റർ പദ്ധതിയിൽ പ്പെടുത്തി സബ്സിഡി നിരക്കിൽ 37 സോളാർ വാട്ടർ ഹീറ്ററുകളും 25 സോളാർ ലൈറ്റുകളും വിവിധ യൂണിറ്റുകളിൽ വിതരണം ചെയ്തു.

**SS 26/18 കാർഷിക വിളകളുടെ സംഭരണവും വിപണനവും**

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി കർഷകരിൽ നിന്നും തന്നാണ്ടുവിളകളായ ചേന, ചേമ്പ്, കാച്ചിൽ, ഇഞ്ചി, മഞ്ഞൾ

തുടങ്ങിയവ മാർക്കറ്റ് വിലയേക്കാൾ ഉയർന്ന വില നൽകി സംഭരിച്ച് വിപണനം നടത്തി. 3427 കിലോ ഇഞ്ചി, 3666 കിലോ മഞ്ഞൾ, 2859 കിലോ ചേമ്പ്, 14553 കിലോ ചേന, 4600 കിലോ കാച്ചിൽ ഇവയാണ് ഇപ്രകാരം വിപണനം നടത്തിയത്.

### SS 27/18 പിന്നോക്ക വികസന കോർപ്പറേഷൻ ലോൺ

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് വിവിധ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നല്കുന്നതിനായി കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ബാങ്കിൽ 5000000 രൂപയ്ക്ക് അപേക്ഷ സമർപ്പിച്ചു. ഇതിന്റെ തുടർ നടപടികൾക്കായുള്ള കെ.എസ്.ബി.സി.ഡി.സി. എറണാകുളം ഓഫീസിൽ വച്ച് 20-02-2018 ൽ നടത്തിയമീറ്റിംഗിൽ സൊസൈറ്റി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, പ്രോജക്റ്റ് ഓഫീസർ ശ്രീ. സിബി മാളിയേക്കൽ എന്നിവർ പങ്കെടുത്തു.

### SS 28/18 ജലനിധി മീറ്റിംഗ്

ജലനിധി സപ്പോർട്ടിംഗ് ഓർഗനൈസേഷൻ ഡയറക്ടർമാരുടെ യോഗം ഫെബ്രുവരി 15 ന് തിരുവനന്തപുരത്ത് നടന്നു. പദ്ധതി നിർവ്വഹണത്തിന് സഹായ സംഘടനകൾക്ക് കൂടുതൽ ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സമര പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് തീരുമാനിച്ചു.സൊസൈറ്റി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ മീറ്റിംഗിൽ പങ്കെടുത്തു.

### SS 29/18 LENTEN FUND FROM PARISHES & CONGREGATIONS - 2017

| SL.No. | PARISHES | AMOUNT |
|---|---|---|
| 1 | ADIMALI | 7000 |
| 2 | ANAKULAM | 1550 |
| 3 | ANTOPURAM | |
| 4 | ALPARA | 7000 |
| 5 | AYIRAMEKKAR | 2000 |
| 6 | BETHEL | 4000 |
| 7 | BHOOMIYAMKULAM | 500 |
| 8 | BISONVALLEY | 1500 |
| 9 | CALVARYMOUNT | 2000 |
| 10 | CHEBALAM | 1000 |
| 11 | CHELLIAMPARA | 500 |
| 12 | CHEMMANNAR | 12000 |
| 13 | CHEMPAKAPPARA | 2000 |
| 14 | CHINNARNIRAPPU | 1500 |
| 15 | CHURULI | |
| 16 | EATTITHOPU | 4500 |
| 17 | ELLAKKAL | 7000 |
| 18 | ERATTAYAR | 10000 |
| 19 | EZHUKUMVAYAL | 7500 |
| 20 | GEORGIYAR | |
| 21 | IDUKKI | |
| 22 | IRUMPUPALAM | 4000 |
| 23 | JOSEGIRI | 2000 |
| 24 | JOSEPURAM | 5000 |
| 25 | KAILASAM | 2000 |
| 26 | KALLAR | |
| 27 | KALLARKUTTY | 3000 |
| 28 | KALLUPALAM | |
| 29 | KANAKAKUNNU | |
| 30 | KANJIKUZHY | |
| 31 | KANTHIPPARA | 2500 |
| 32 | KANCHIYAR | |
| 33 | KARIMPAN | |
| 34 | KARITHODE | 2000 |
| 35 | KAMAKSHY | 1000 |
| 36 | KATTAKKALA | |
| 37 | KEERITHODE | 1000 |
| 38 | KILIYARKANDAM | |

| | | |
|---|---|---|
| 39 | KARIKKUMTHOLAM | 3000 |
| 40 | KOMBAYAR | |
| 41 | KOOMPANPARA | 3000 |
| 42 | KORANDIKKAD | |
| 43 | KOZHIMALA | |
| 44 | KUNCHITHANNI | |
| 45 | KURISUPARA | |
| 46 | KUTHIRAKKALLU | |
| 47 | KUTHUPARA | 500 |
| 48 | LOWER KULAMAVU | |
| 49 | MACHIPLAVU | 8000 |
| 50 | MAILADUMPARA | 4000 |
| 51 | MAKKUVALLY | |
| 52 | MANCHIKAVALA | |
| 53 | MANIYARANKUDY | |
| 54 | MANJAPPARA | 2500 |
| 55 | MANJAPPETTY | 1000 |
| 56 | MANKULAM | 4000 |
| 57 | MANKUVA | 1000 |
| 58 | MARIAPURAM | 2000 |
| 59 | MARYLAND | 250 |
| 60 | MAVADY | 1000 |
| 61 | MUKKUDAM | 3000 |
| 62 | MULAKARAMEDU | 1000 |
| 63 | MULAKUVALLY | 6600 |
| 64 | MURICKASSERY | 3000 |
| 65 | MURICKUMTHOTTY | |
| 66 | MUTTUKADU | |
| 67 | NARAKAKKANAM | |
| 68 | NAZARATHVALLEY(Nalumukku) | 4000 |
| 69 | NEDUMKANDAM | 5000 |
| 70 | NANKUTHOTTY | 1000 |
| 71 | NEELIVAYAL | |
| 72 | NELLIPPARA | 1000 |



| | | |
|---|---|---|
| 73 | PAINAVU | |
| 74 | PACHADY | |
| 75 | PALAR | 4000 |
| 76 | PALLANAD | |
| 77 | PANAMKUTTY | |
| 78 | PANDIPPARA | 2000 |
| 79 | PANICKANKUDY | |
| 80 | PANNIARKUTTY | 1000 |
| 81 | PARATHODE | 2500 |
| 82 | PAZHAYARIKANDOM | |
| 83 | PERINCHAMKUTTY | 2000 |
| 84 | PEZHUMKANDAM | 2000 |
| 85 | PONMUDY | |
| 86 | POTTENKAD | 3000 |
| 87 | PUSHPAKANDAM | |
| 88 | RAJAKKADU | |
| 89 | RAJAKUMARY | 20000 |
| 90 | RAJAMUDY | 1000 |
| 91 | RAJAPURAM | |
| 92 | SAHAYAGIRI | |
| 93 | SANTHIGRAM | 5000 |
| 94 | SLEEVAMALA | 2500 |
| 95 | SNEHAGIRI | |
| 96 | THANKAMANY | 10000 |
| 97 | THANNIKKANDAM | 1000 |
| 98 | THATTEKKANNI | |
| 99 | THINKALKADU | |
| 100 | THOKKUPARA | 16000 |
| 101 | THOOKKUPALAM | 1000 |
| 102 | THOPRAMKUDY | |
| 103 | THOVARAYAR | |
| 104 | UDAYAGIRI | 7000 |
| 105 | UPPUTHODE | 10000 |
| 106 | VATHIKUDY | 1000 |

| | | |
|---|---|---|
| 107 | VATTAPPARA | |
| 108 | VATTAYAR | |
| 109 | VAZHATHOPPE | 10000 |
| 110 | VAZHAVARA | 15000 |
| 111 | VELLATHOOVAL | 1500 |
| 112 | VELLAYAMKUDY | 7500 |
| 113 | VENMANY | 11000 |
| 114 | KOOMBANMALA | 1000 |
| 115 | KUZHIKANAM | 1000 |
| 116 | PONNAMALA | 1000 |
| 117 | VIMALAGIRI | 10000 |
| | **TOTAL (A)** | **297900** |

**RELIGIOUS HOUSES**

| | | |
|---|---|---|
| 118 | **CMC CONGRIGATION** | 25000 |
| 119 | **FCC CONGRIGATION** | 25000 |
| 120 | **SH CONGRIGATION** | 20000 |
| 121 | **S A B S CONGRIGATION** | 10000 |
| 122 | **S D CONGRIGATION** | |
| | ADIMALI | 500 |
| | KANCHIYAR | 500 |
| | NACHIVAYAL | 1000 |
| | VATTAVADA | 300 |
| | PANDIPPARA | 500 |
| 123 | **C S N CONGRIGATION** | |
| | MANJAPPARA(KARIMPAN) | 1000 |
| | DEVIKULAM | 1000 |
| | KEERITHODE | 500 |
| 124 | **D M CONGRIGATION** | |
| | KILIYARKANDAM | 1000 |
| 125 | **D S T CONGRIGATION** | |
| | KARIMPAN | 500 |
| | NEELIVAYAL | 500 |



| | | |
|---|---|---|
| 126 | **MSJ** | |
| | ELLAKKAL | 2200 |
| 127 | **FANCISCAN MISSIONARIES OF MARY (FMM)** | |
| | MANJAPPETTY | 1000 |
| 128 | **SANJO BHAVAN MULLAKANAM** | 2000 |
| 129 | **SISTERS OF MERCY OF THE HOLY CROSS (SCSC )** | |
| | NEDUMKANDOM | 5000 |
| | **TOTAL ( B )** | **97500** |
| | **GRAND TOTAL - (A+B)** | **395400** |

# കെ.സി.എസ്.എൽ.

## KCSL 10/18 രൂപതാ കിഡ്സ് കലോത്സവം മത്സര വിജയികൾ

### L.P.

**ലളിതഗാനം**

I$^{st}$ സാന്ദ്രാ ജിയോ, ഹോളി ക്രോസ് കോൺവെന്റ് സ്കൂൾ, നെടുംകണ്ടം

II$^{nd}$ അലീനിയ സെബാസ്റ്റ്യൻ, വിജയമാതാ പബ്ലിക് സ്കൂൾ, തൂക്കുപാലം

III$^{rd}$ തെരേസ മധു, സെന്റ് ജോർജ് എൽ.പി. സ്കൂൾ, പാറത്തോട്

**കഥ പറച്ചിൽ**

I$^{st}$ ജെമ്മ്ന ജെയിൻ, ക്രിസ്തുജ്യോതി പബ്ലിക് സ്കൂൾ, രാജാക്കാട്

II$^{nd}$ ഡിയ മരിയ ജോജോ, സെന്റ് ആന്റണിസ് എൽ.പി. സ്കൂൾ, എല്ലക്കൽ

III$^{rd}$ ജിയന്ന ജോണി, വിജയമാതാ എൽ.പി. സ്കൂൾ, ഈട്ടിത്തോപ്പ്

**പ്രസംഗം – മലയാളം**

I$^{st}$ ഡിയ എലിസബത്ത് ജിജോ, ക്രിസ്തുജ്യോതി പബ്ലിക് സ്കൂൾ, രാജാക്കാട്

II$^{nd}$ സേറാ അനീഷ്, സെന്റ് തോമസ് എച്ച്.എസ്.എസ്., ഇരട്ടയാർ

III$^{rd}$ ആൻ മരിയ ബാബു, സെന്റ് ജെറോംസ് എൽ.പി. സ്കൂൾ, വെള്ളയാംകുടി

**കെ.സി.എസ്.എൽ. ആന്തം**

I$^{st}$ ഹോളി ക്രോസ് കോൺവെന്റ് സ്കൂൾ, നെടുംകണ്ടം

IInd ക്വീൻമേരി പബ്ലിക് സ്കൂൾ, പണിക്കൻകുടി

IIIrd ക്രിസ്തുജ്യോതി പബ്ലിക് സ്കൂൾ, രാജാക്കാട്

IIIrd സാന്തോം പബ്ലിക് സ്കൂൾ, ചേലച്ചുവട്

**ഓവറോൾ കരസ്ഥമാക്കിയ സ്കൂളുകൾ**

Ist ഹോളി ക്രോസ് കോൺവെന്റ് സ്കൂൾ, നെടുംകണ്ടം

IInd ക്രിസ്തുജ്യോതി പബ്ലിക് സ്കൂൾ, രാജാക്കാട്

IIIrd ക്വീൻമേരി പബ്ലിക് സ്കൂൾ, പണിക്കൻകുടി

**മെഗാക്വിസ് റിസൾട്ട്**

Ist വിജയമാതാ ഈട്ടിത്തോപ്പ്, ആൽബിൻ സണ്ണി, ആൻസൺ സണ്ണി (Rs. 3003)

IInd വിജയമാതാ പബ്ലിക് സ്കൂൾ കല്ലുപാലം, അലക്സ് ജെ.പി., ഡെല്ലാ റോസ് (Rs. 2002)

IIIrd സെന്റ് മേരീസ് യു.പി. സ്കൂൾ ഉദയഗിരി, ബെൻസൺ ബെന്നി, തോമസ് ബിനു (Rs. 1001)

## ജീസസ് യൂത്ത് ഇടുക്കി സോൺ

**JY 1/17 ഹൗസ് ഹോൾഡ്**

ഫെബ്രുവരി മാസത്തിലെ ഹൗസ് ഹോൾഡ് ആറാം തീയതി ഉച്ചകഴിഞ്ഞ് മുരിക്കാശ്ശേരി പാവനാത്മ കോളേജ് ചാപ്പലിൽ വച്ചു നടന്നു. കൂട്ടായ്മയിൽ 53 പേർ പങ്കെടുത്തു. അടുത്ത കൂട്ടായ്മ മാർച്ച് 4 ന് നടത്തുന്നു.

**JY 2/17 കേരള കോഡിനേറ്റേഴ്സ് ടീം മീറ്റിംഗ്**

ഫെബ്രുവരി 10-ാം തീയതി കളമശ്ശേരി എമ്മാവൂസിൽ നടന്ന കേരള കോഡിനേറ്റേഴ്സ് ടീം മീറ്റിംഗിൽ സോണിനെ പ്രധിനിധീകരിച്ച് ചാപ്ലിൻ റവ. ഫാ. ജോർജ് മുള്ളൂർ, ആനിമേറ്റർ സി. അനില എഫ്.സി.സി. എന്നിവരടക്കം 5 പേർ പങ്കെടുത്തു.

**JY 3/17 Day With Jesus (DJ)**

ഫെബ്രുവരി 11 ന് മുളകുവള്ളിയിൽ നടന്ന ഡി.ജെ. പ്രോഗ്രാ



മിൽ 45 പേർ പങ്കെടുത്തു. സജി മലയംപുറം പരിപാടിക്ക് നേതൃത്വം നൽകി.

## കെ.സി.വൈ.എം.

**KCYM 2/18 യുവജന വർഷാചരണം**

2018 ജനുവരി 6 മുതൽ 2019 ജനുവരി 6 വരെ കേരള സഭയിൽ കെ.സി.ബി.സി. പ്രഖ്യാപിച്ചിരിക്കുന്ന യുവജന വർഷാചരണം നടക്കുകയാണ്. എല്ലാ യൂണിറ്റുകളിലും യുവജന വർഷ ഉദ്ഘാടനം നടത്തുകയും യുവജന വർഷത്തോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുമല്ലോ.

**KCYM 3/18 Awake 2018 - യുവജന ധ്യാനം**

അടിമാലി ആത്മജ്യോതിയിൽ 2018 ഏപ്രിൽ 19, 20, 21 തീയതികളിൽ 'Awake 2018' യുവജന ധ്യാനം നടത്തപ്പെടുന്നു. 125 പേർക്കാണ് പങ്കെടുക്കാവുന്നത്. യുവജനങ്ങളെ പങ്കെടുപ്പിക്കുമല്ലോ.

**KCYM 4/18 സംസ്ഥാന സമിതി - കർമ്മപദ്ധതി പ്രകാശനം**

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ കർമ്മ പദ്ധതി പ്രകാശനം 2018 മാർച്ച് 17 ശനിയാഴ്ച്ച ചുരുളി പള്ളിയിൽ അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ മഹനീയ സാന്നിദ്ധ്യത്തിൽ നടത്തപ്പെടുന്നു. കർമ്മ പദ്ധതി പ്രകാശനത്തിലും സംസ്ഥാന സിൻഡിക്കേറ്റിലും പങ്കെടുക്കാൻ കേരളത്തിലെ 3 വ്യക്തിസഭകളിലേയും പ്രതിനിധികൾ എത്തിച്ചേരുന്നതായിരിക്കും.

**KCYM 5/18 കുരിശിന്റെ വഴിയേ..........**

2018 മാർച്ച് 10-ാം തീയതി ശനിയാഴ്ച്ച രൂപതയിലെ എല്ലാ യൂണിറ്റുകളിലുംനിന്ന് കെ.സി.വൈ.എം. പ്രവർത്തകർ എഴുകുംവയൽ കുരിശുമല കയറുന്നു. അന്നേദിവസം രാവിലെ 9.30 ന് മലയടിവാരത്ത് എത്തിച്ചേരണം. ബഹു. വികാരിയച്ചന്മാർ യുവജനങ്ങളെ പറഞ്ഞയക്കുമല്ലോ.

## KCYM 6/18 പുതിയ രൂപതാ സമിതി

ഇടുക്കി രൂപതാ കെ.സി.വൈ.എം. ന് പുതിയ ഭരണ സമിതിയെ തിരഞ്ഞെടുത്തു. 2018 ഫെബ്രുവരി 18-ാം തീയതി ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ മഹനീയ സാന്നിധ്യത്തിൽ കൂടിയ സംയുക്ത രൂപതാ സമിതിയിൽ 2018 വർഷത്തേക്കുള്ള ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റു.

| | |
|---|---|
| **പ്രസിഡന്റ്** | -ബിന്റോ ഇളംതുരിത്തിയിൽ, വാഴത്തോപ്പ് |
| **വൈസ് പ്രസിഡന്റുമാർ** | -ജിത്തു പള്ളിക്കൽ, പാറത്തോട്<br>അനു കഴിക്കച്ചാലിൽ, കഞ്ഞിക്കുഴി |
| **ജനറൽ സെക്രട്ടറി** | -ആൽബിൻ അങ്ങാടിയത്ത്, രാജകുമാരി |
| **ട്രഷറർ** | -ജിബിൻ ചെമ്മരപ്പിള്ളിൽ, പെരിഞ്ചാംകുട്ടി |
| **സെക്രട്ടറിമാർ** | -അമൽ അമ്പാട്ട്, താന്നിക്കണ്ടം<br>ജെസ്ന കണ്ടത്തിൻകരയിൽ, മുരിക്കുംതൊട്ടി |
| **സംസ്ഥാന സിൻഡിക്കേറ്റ്** | - ആൽബിൻ വറപോളക്കൽ, വാഴത്തോപ്പ്,<br>ജോമോൾ മൂങ്ങാമാക്കൽ, കിളിയാർകണ്ടം |
| **എക്സിക്യൂട്ടിവ് മെമ്പേഴ്സ്** | - എബിൻ പുതിയമംഗലത്ത്, പാറത്തോട്<br>ഷാരോൺ നെടുമ്പറമ്പിൽ, കരിമ്പൻ<br>ആൽബിൻ പള്ളത്ത്, ഉദയഗിരി<br>ജിബിൻ, ചേമ്പളം |

പുതിയ ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ.

## KCYM 7/18 Ignite -2018

മാർച്ച് 2, 3, 4 തീയതികളിൽ നെടുങ്കണ്ടം പള്ളിയിൽ പുതിയ രൂപതാ സമിതിക്കുവേണ്ടി നേതൃത്വ പരിശീലന സെമിനാർ നടത്തപ്പെടുന്നു.



# ഫാമിലി അപ്പോസ്തലേറ്റ്

## FA 3/18 എസ്സർ ദമ്പതീ സംഗമം

എസ്സർ ദമ്പതീ സംഗമം വിമലഗിരി ഇടവകയിൽ നടത്തി. 110 ദമ്പതികൾ പങ്കെടുത്തു. ബഹു. ജോസ് വെട്ടിക്കാട്ട് കപ്പൂച്ചിൻ, ഫാ. മാത്യു ഇരുമ്പുകുത്തിയിൽ, ബേബിച്ചൻ മരിയാപുരം എന്നിവർ നേതൃത്വം നൽകി. ദമ്പതീ സംഗമം നടത്താൻ സഹായിച്ച ബഹുമാനപ്പെട്ട വികാരി, അസി. വികാരി, സിസ്റ്റേഴ്സ് എന്നിവർക്ക് പ്രത്യേകം നന്ദി അറിയിക്കുന്നു.

## FA 4/18 വിവാഹ ഒരുക്ക ധ്യാനം

| | | |
|---|---|---|
| മാർച്ച് | 12 തിങ്കൾ | - 14 ബുധൻ |
| മാർച്ച് | 23 വെള്ളി | - 25 ഞായർ |
| ഏപ്രിൽ | 09 തിങ്കൾ | - 11 ബുധൻ |
| ഏപ്രിൽ | 27 വെള്ളി | - 29 ഞായർ |

സ്ഥലം : ആത്മജ്യോതി പാസ്റ്ററൽ സെന്റർ, അടിമാലി
ഫോൺ:- 9496895111, 8281437554.

ധ്യാനത്തിന്റെ രജിസ്ട്രേഷൻ രാവിലെ 9 മണിക്കും, ക്ലാസുകൾ 10 മണിക്കും ആരംഭിക്കും. എല്ലാവരും സമയം കൃത്യമായി പാലിക്കണം.

# പ്രോ-ലൈഫ് അപ്പോസ്തലേറ്റ്

## PLA 2/18 ഏലിശ്വാ ധ്യാനം

തീയതി : 2018 മാർച്ച് 16-18
സമയം : വെള്ളി 5 pm - ഞായർ 3 pm
സ്ഥലം : ആത്മജ്യോതി പാസ്റ്ററൽ സെന്റർ, അടിമാലി

# നവോമി കുടുംബ കേന്ദ്രം

**NFC 1/18** **നവോമി ധ്യാനം**

തീയതി : 2018 മാർച്ച് 16-18
സമയം : വെള്ളി 5 pm - ഞായർ 3 pm
സ്ഥലം : ആത്മജ്യോതി പാസ്റ്ററൽ സെന്റർ, അടിമാലി

# മാതൃവേദി

**MV 14/18** **വചനോത്സവം**

ബൈബിൾ കയ്യെഴുത്ത് മത്സരത്തിൽ പങ്കെടുത്ത അമ്മമാരെ ആദരിക്കാനും, വിജയികളെ പ്രഖ്യാപിക്കുവാനുമായി ''വചനോത്സവം'' 2018 മാർച്ച് 10 ന് വെള്ളയാംകുടി സെന്റ് ജോർജ് പാരീഷ് ഹാളിൽ നടത്തപ്പെടുകയാണ്. 12 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കും. 4 മണിക്ക് സമ്മേളനം അവസാനിക്കും. മത്സരത്തിൽ പങ്കെടുത്ത എല്ലാ അമ്മമാർക്കും അന്നേദിവസം അഭിവന്ദ്യ പിതാക്കന്മാർ സമ്മാനം നൽകി ആദരിക്കും.

പ്രോഗ്രാം

12.00 pm - രജിസ്ട്രേഷൻ
12.30 pm - അനുഭവം പങ്കുവയ്ക്കൽ
02.00 pm - അഭിവന്ദ്യ പിതാക്കന്മാർക്ക് സ്വീകരണം
സമ്മേളനം, സമ്മാനദാനം
04.00 pm - കാപ്പി
സ്ഥലം - സെന്റ് ജോർജ് പാരീഷ്ഹാൾ, വെള്ളയാംകുടി
തീയതി - 2018 മാർച്ച് 10

ഉച്ചഭക്ഷണം ആവശ്യമുള്ളവർ എണ്ണം മാർച്ച് 5 ന് മുമ്പായി രൂപതാ ഓഫീസിൽ വിളിച്ചറിയിക്കുമല്ലോ.

ഫോൺ നമ്പർ : 8281437554, ബ്രദർ ഫോൺ നമ്പർ : 9496583815.



**MV 15/18** **കൽക്കട്ടാ തീർത്ഥാടനം**

ബൈബിൾ കയ്യെഴുത്ത് മത്സരത്തിലെ Aയും Bയും വിഭാഗത്തിലെ 3 വിജയികളും അതൊടൊപ്പം വചനോത്സവത്തിൽ രജിസ്റ്റർ ചെയ്യുന്ന അമ്മമാരിൽനിന്ന് ഒരോ മേഖലയിൽനിന്നും നറുക്കിട്ട് തിരഞ്ഞെടുക്കപ്പെടുന്ന അമ്മമാർക്കും കൽക്കട്ടാ തീർത്ഥാടനത്തിന് അവസരം ലഭിക്കുന്നതാണ്. തീർത്ഥാടന തീയതി പിന്നീട് അറിയിക്കുന്നതാണ്.

**MV 16/18** **സുകൃതം**

ഇടുക്കി രൂപതയിലെ അമ്മമാരുടെ ആഭിമുഖ്യത്തിൽ സുകൃതം ഡയാലിസിസ് & തുടർചികിത്സാ പദ്ധതി 4 മാസം പിന്നിടുന്നു. 16 രോഗികളെ ചികിത്സിക്കുന്നു. സഹകരിക്കുന്ന എല്ലാവർക്കും നന്ദി.

**MV 17/18** **ന്യൂസ്പേപ്പർ കളക്ഷൻ**

സുകൃതം ഡയാലിസിസിനായി ഫണ്ട് കണ്ടെത്തുവാൻ ന്യൂസ് പേപ്പർ കളക്ഷൻ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. അമ്മമാരുടെ നേതൃത്വത്തിൽ ഏപ്രിൽ 28 ന് മുമ്പായി ഓരോ യൂണിറ്റിലും പത്രങ്ങൾ ശേഖരിക്കണം. ഇങ്ങനെ ശേഖരിക്കുന്ന പത്രങ്ങൾ രൂപതയിൽനിന്ന് നേരിട്ടുവന്ന് എടുക്കുന്നതാണ്.

**MV 18/18** **ഒരമ്മ - ഒരു ഡയാലിസിസ്**

2018 വർഷത്തിൽ ഒരു ഡയാലിസിസ് (1000/-രൂപ) സ്പോൺസർ ചെയ്യാൻ സാധിക്കുന്ന അമ്മമാരുടെ പേരുകൾ ശേഖരിക്കുകയും 2018 ഒക്ടോബർ 30 ന് മുമ്പായി തുക രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യുമല്ലോ.

**MV 19/18** **ഒരു യൂണിറ്റ് - ഒരു ഡയാലിസിസ്**

എല്ലാ യൂണിറ്റിൽ നിന്നും 2018 വർഷത്തിൽ ഒരു ഡയാലിസിസ് സ്പോൺസർ ചെയ്യുമല്ലോ. 2018 ജൂൺ 30 ന് മുമ്പായി ഡയാലിസിസിന്റെ തുക രൂപതാ കേന്ദ്രത്തിൽ എത്തിക്കാൻ ബഹു. മോഡറേറ്റർ സിസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ.

# കത്തോലിക്കാ കോൺഗ്രസ്

**AKCC 6/18 പ്രാർത്ഥനാശംസകൾ**

നിയുക്ത ഇടുക്കി രൂപതാദ്ധ്യക്ഷ്യൻ ആയി തിരഞ്ഞെടുക്കപ്പെട്ട മാർ ജോൺ നെല്ലിക്കുന്നേലിനെ കത്തോലിക്കാ കോൺഗ്രസ് രൂപതാ ഭാരവാഹികൾ രൂപതാ കേന്ദ്രത്തിലെത്തി അഭിനന്ദനങ്ങളും ആശംസകളും അറിയിച്ചു.

**AKCC 7/18 അഭിനന്ദനങ്ങൾ**

കത്തോലിക്കാ കോൺഗ്രസ് സംസ്ഥാന (ഗ്ലോബൽ) സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ജോർജ് കോയിക്കലിന് ഇടുക്കി രൂപതാ സമതി അഭിനന്ദനങ്ങൾ അറിയിച്ചു. ഇരട്ടയാർ ഇടവകാംഗമായ ശ്രീ. ജോർജ് കോയിക്കൽ മിഷൻലീഗ് കോതമംഗലം രൂപതാ ഓർഗൈനൈസർ, കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ ജനറൽ സെക്രട്ടറി, രൂപതാ പ്രസിഡന്റ് എന്നീ നിലകളിൽ സേവനം അനുഷ്ടിച്ചുണ്ട്.

**AKCC 8/18 വാഴത്തോപ്പ് യൂണിറ്റ് പ്രവർത്തനോദ്ഘാടനം**

കത്തോലിക്കാ കോൺഗ്രസ് വാഴത്തോപ്പ് യൂണിറ്റിന്റെ പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. അഗസ്റ്റ്യൻ പാലത്തിനാലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് ശ്രീ. ബിജു പറയനിലം പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. ജോസുകുട്ടി മാടപ്പിള്ളിൽ സാക്ഷ്യപത്രം പ്രകാശനം ചെയ്തു. ഫാ. ജോസ് ചെമ്മരപ്പള്ളി, ഫാ. ജോർജ് പാട്ടത്തേക്കുഴി, ശ്രീ. ജോസഫ് കുര്യൻ ഏറമ്പടം, ശ്രീ. വിനു തോമസ്, റിൻസി സിബി എന്നിവർ സംസാരിച്ചു.

**AKCC 9/18 ജൂബിലി ആഘോഷം**

കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ മുൻ ഡയറക്ടർ ഫാ. ജോസഫ് കോയിക്കകുടിയുടെ പൗരോഹത്യ സുവർണ്ണ



ജൂബിലി ആഘോഷം ഇടുക്കി രൂപതാ കാര്യാലയത്തിൽ നടന്നു. രൂപതാ പ്രസിഡന്റ് ശ്രീ. ജോസുകുട്ടി മാടപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ഇടുക്കി രൂപതാ നിയുക്ത മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ മുഖ്യ പ്രഭാഷണം നടത്തി. ഫാ. ജോർജ് പാട്ടത്തേക്കുഴി, ശ്രീ. ജോസഫ് കുര്യൻ ഏറമ്പടം, ശ്രീമതി പേളി ബെന്നി, ശ്രീ. മാത്യൂസ് ഐക്കര എന്നിവർ ആശംസകൾ അർപ്പിച്ചു. ഫാ. ജോസഫ് കോയിക്കകുടി മറുപടി പ്രസംഗം പറഞ്ഞു.

**AKCC 10/18 ഗ്ലോബൽ വർക്കിംഗ് കമ്മറ്റി**

05-01-18 ൽ കോട്ടയത്ത് നടന്ന ഗ്ലോബൽ വർക്കിംഗ് കമ്മിറ്റിയിൽ ഇടുക്കി രൂപതയെ പ്രതിനിധീകരിച്ച് രൂപതാ പ്രസിഡന്റ് ശ്രീ. ജോസുകുട്ടി മാടപ്പിള്ളിൽ, സംസ്ഥാന സെക്രട്ടറി ശ്രീ. ജോർജ് കോയിക്കൽ എന്നിവർ പങ്കെടുത്തു.

**AKCC 11/18 കത്തോലിക്കാ കോൺഗ്രസ് കുടുംബസംഗമം**

ഭരണങ്ങാനത്ത് നടന്ന കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ കുടുംബ സമ്മേളനത്തിന് ഇടുക്കി രൂപതയിൽ നിന്ന് 9 പ്രതിനിധികൾ പങ്കെടുത്തു.

**AKCC 12/18 ആദരാഞ്ജലികൾ**

കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ സെക്രട്ടറി ശ്രീ. ചുമ്മാർ മാത്യുവിന്റെ പിതാവ് മാത്യു തുണ്ടത്തിലിന്റെ നിര്യാണത്തിൽ രൂപതാ സമിതി അനുശോചനം അറിയിച്ചു.

# ആത്മജ്യോതിയിലെ പരിപാടികൾ

**മാർച്ച് 2018**

03 : മതാദ്ധ്യപകരുടെ സുവിശേഷോത്സവ പരിശീലന ക്ലാസ്
12 - 14 : വിവാഹ ഒരുക്ക ധ്യാനം
16 - 18 : ഏലിശ്വാ, നവോമി ധ്യാനങ്ങൾ
23 - 25 : വിവാഹ ഒരുക്ക ധ്യാനം

# അറിയിപ്പുകൾ

**പുതിയ സാരഥികൾ**

## Convent of the Daughters of Mary, Nirmala Province

1. Sr. Lydia D.M - Provincial Superior
2. Sr. Karunya D.M - Assistant Provincial Superior
3. Sr. Mary Dominic D.M - Councilor for Evangalization
4. Sr. Linta Paul D.M - Councilor for Social Service
5. Sr. Mary Stephen D.M - Councilor for Education
6. Sr. Vandana Mathew D.M - Provincial Finance officer
7. Sr. Aquina D.M - Provincial Secretary

## St. Joseph's Province of the Little Flower Congregation

| | |
|---|---|
| Provincial Superior | : Rev. Fr. Tomy Alumkalkarot CST |
| Vicar Provincial | : Rev. Fr. Joby Vellaplackel CST |
| Councilors | : Rev. Fr. Joseph Mundolickal CST |
| | Rev. Fr. Linto Thakarappillil CST |
| | Rev. Fr. Jaimon Thekkekumbalath CST |
| Provincial Auditor | : Rev. Fr. Sebastian Puthenchirayil CST |





# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ഫെബ്രുവരി 2018**

03 കാൽവരിമൗണ്ട് ഇടവകയിൽ പുതുക്കി നിർമ്മിച്ച ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു.

06 വാഴത്തോപ്പിൽ നടന്ന പ്രസ്ബിറ്റേറിയത്തിൽ അദ്ധ്യക്ഷത വഹിച്ചു.

08 ഇടുക്കി ഇടവകയിൽ ജോർദ്ദാനിയ മാമ്മോദീസയിൽ കാർമ്മികത്വം വഹിച്ചു.

09. എഴുകുംവയൽ സ്കൂളിന്റെ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു.

10 കനകക്കുന്നിൽ പുതുതായി നിർമ്മിച്ച മഠത്തിന്റെ ആശീർവ്വാദകർമ്മം നിർവ്വഹിച്ചു.

13 വെള്ളയാംകുടി പാരീഷ്ഹാളിൽ നടന്ന അദ്ധ്യാപക സംഗമത്തിൽ പങ്കെടുത്തു.



# അഭിവന്ദ്യ പിതാവിന്റെ പരിപാടികൾ

**മാർച്ച് 2018**

| | | |
|---|---|---|
| 01 | 06.30 am | വി. കുർബാന, ക്ലാരിസ്റ്റ് കോൺവന്റ് മുരിക്കാശ്ശേരി |
| 03 | 04.30 pm | കൃതജ്ഞതാബലി, പുസ്തകപ്രകാശനം, കുഞ്ചിത്തണ്ണി |
| 04 | 07.30 am | വി. കുർബാന, കത്തീഡ്രൽ, വാഴത്തോപ്പ് |
| 10 | 02.00 pm | വചനോത്സവം, വെള്ളയാംകുടി |
| 17 | 10.30 am | കെ.സി.വൈ.എം. സംസ്ഥാന കർമ്മപദ്ധതി പ്രകാശനം, ചുരുളി |
| 23 | 06.00 pm | പോപ്പുലർ മിഷൻ ധ്യാനസമാപനം, ഉപ്പുതോട് |
| 27 | 03.00 pm | കൺവൻഷൻ സമാപനം, സെന്റ് ജൂഡ് ചർച്ച് |





**Statement about ownership and other particulars about the magazine**

**SAHYANADHAM (MALAYALAM)**

(Form IV See Rule 8)

| | | |
|---|---|---|
| 1. Place of Publication | - | Karimpan |
| 2. Periodicity of its publication | - | Monthly |
| 3. Printer's Name | - | Rev. Fr. James Punnaplackal |
| Nationality | - | Indian |
| Address | - | Bishop's House<br>Karimpan, Manipara P.O.<br>Idukki - 685 602 |
| 4. Publisher's Name etc | - | As in 3 |
| 5. Editor's Name etc | - | As in 3 |
| 6. Name and address of individuals who own the newspaper & Partners or shareholders holding more than one percent of the total capital | - | Diocese of Idukki |

*I Fr. James Punnaplackal hereby declare that the particulars given above are true to the best of my knowledge and belief.*

Sd/-

**Fr. James Punnaplackal**

01-03-2018 (Publisher)